GOVERNMENT OF TAMIL NADU

നാലാം തരം

STANDARD FOUR

മലയാള പാഠപുസ്തകം

MALAYALAM READER

Department of School Education

Untouchability is Inhuman and a Crime

4rd_Malayalam Reader_Front page.indd 1 7/19/2019 5:42:00 PM

Government of Tamil Nadu

First Edition - 2019

Reprint - 2020, 2021
2022, 2023, 2024

(Published under New Syllabus)

Content Creation

State Council of Educational
Research and Training

© SCERT 2019

Printing & Publishing

Tamil NaduTextbook and Educational
Services Corporation

www.textbooksonline.tn.nic.in

4rd_Malayalam Reader_Front page.indd 2 7/19/2019 5:42:01 PM

ഉള്ളടക്കം

പാഠം		ഭാഗം 1	പുറം നമ്പർ
		അമ്മ മലയാളം	1
1	കവിത	കേരളം	2
2	ഗദ്യം	ഓണം	6
3	കഥ	സ്നേഹം താൻ ശക്തി	14
		ഭാഗം 2	
		എന്റെ ഭാഷ	20
4	കവിത	അക്ഷരമാല	21
5	ഗദ്യം	കൃഷിപാഠം	26
6	കഥ	ശാസ്ത്രപരീക്ഷ	31
		ഭാഗം 3	
		വിതച്ചതേ കൊയ്യൂ	36
7	കവിത	ഞങ്ങളുടെ മുത്തശ്ശി	37
8	ഗദ്യം	പരിശ്രമം ചെയ്യുകിലെന്തിനേയും	42
9	കഥ	അറിവും മുറിവും	47

4rd_Malayalam Reader_Front page.indd 3 7/19/2019 5:42:01 PM

ഭാഗം 4

പാഠം			
		സാമൂഹ്യപാഠം	51
10	കവിത	സ്കൂളിലേക്ക്	52
11	ഗദ്യം	ദേശീയ പതാക	59
12	കഥ	രാധയുടെ ആട്ടിൻകുട്ടി	63

ഭാഗം 5

		കൊന്നപ്പൂവും കവിതയും	69
13	കവിത	അമ്മയോടൊപ്പം	70
14	ഗദ്യം	കുഞ്ഞുണ്ണിക്കവിതകൾ	75
15	കഥ	കൊന്നയും വിഷുവും	81

ഭാഗം 6

		മഴയുടെ സംഗീതം	85
16	കവിത	മഴയെന്തു സ്വർഗ്ഗം	86
17	ഗദ്യം	എന്റെ കന്യാകുമാരി യാത്ര	92
18	കഥ	ആലോചിച്ചേ പ്രവർത്തിക്കാവൂ	98

4rd_Malayalam Reader_Front page.indd 4 7/19/2019 5:42:01 PM

ഭാഗം 1 അമ്മ മലയാളം

പഠന ലക്ഷ്യങ്ങൾ

- കേരളീയ സംസ്കാരത്തിന്റെ വൈവിധ്യങ്ങൾ കണ്ടറിയൽ.
- കേരളീയ കലകൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവ ഉൾക്കൊള്ളൽ.
- സ്നേഹത്തിന്റെ മൂല്യം മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത : കേരളം

ഗദ്യം : ഓണം

കഥ : സ്നേഹം താൻ ശക്തി

4 th_Malayalam_Term 1_1.indd 1 7/19/2019 5:31:06 PM

കവിത 1 കേരളം

- പാലാ നാരായണൻ നായർ

പാരിനു പരിഭൂഷചാർത്തിടും
ഭാരതത്തിന്റെ ചിത്രകം.
കേരളം വിളങ്ങുന്നു കോമളം
കേരവൃക്ഷകസങ്കുലം.
സസ്യ മോചകമേഘാവൃതം
സഹ്യപർവ്വതലാളിതം.
പച്ച പുൽകിയ പുണ്യൈകതം
പശ്ചിമാബ്ധി സമ്മേളിതം.
മന്ദമാരുത നൃത്തകുഞ്ജകം
നന്ദനോദ്യാനപോതകം.
കേരളം വിളങ്ങുന്നു കോമളം
കേവലാനന്ദ കന്ദളം!
ഭൂവിലില്ലതിൻ മീതെയായൊരു

4 th_Malayalam_Term 1_1.indd 2 7/19/2019 5:31:06 PM

ഭൂവിഭാഗവും കാണുവാൻ.
വാനിലമ്പിളി പോലെയുണ്ടൊരു
തേനുലാവിന ഭാഷയും.
പൂനിലാവൊഴുക്കുന്നു നിത്യവു-
മീനിലങ്ങളിൽ കൈരളി.
മാനനീയ ഗുണോജ്ജ്വലേ, മമ
മാതൃഭൂവേ, ജയിക്കുക!

അഭ്യാസം

I. പദപരിചയം.

പാര്	പരിഭൂഷ	ഭാരതം	കുഞ്ജകം
ചിത്രകം	കോമളം	സഹ്യപർവ്വതം	
മേഘാവൃതം	സങ്കുലം	പുണ്യൈകതം	

II. അർത്ഥം പഠിക്കാം.

1.	പാര്	-	ഭൂമി
2.	ഭൂഷ	-	ആഭരണം
3.	ചിത്രകം	-	ചിത്രം
4.	കോമളം	-	മനോഹരം
5.	കേരവൃക്ഷം	-	തെങ്ങ്
6.	സങ്കുലം	-	കൂട്ടം

4 th_Malayalam_Term 1_1.indd 3 7/19/2019 5:31:06 PM

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. പാരിനു പരിഭൂഷ ചാർത്തുന്നത് _____ ന്റെ ചിത്രകമാണ്.

   അ) കേരളം ആ) തമിഴ്നാട്

   ഇ) ഭാരതം ഈ) കേരവൃക്ഷം

2. _____ വൃക്ഷ സങ്കുലം മൂലമാണ് കേരളം വിളങ്ങുന്നത്

   അ) മാവ് ആ) പ്ലാവ്

   ഇ) കേര ഈ) പന

3. തേനുലാവിന ഭാഷ _____ ആണ്.

   അ) മലയാളം ആ) തമിഴ്

   ഇ) തെലുങ്ക് ഈ) കന്നഡ

4. ഭൂവിലില്ലതിൻ മീതെയായൊരു _____ കാണുവാൻ

   അ) കടൽ വിഭാഗം ആ) മലവിഭാഗം

   ഇ) ഭൂവിഭാഗം ഈ) ആകാശ വിഭാഗം

5. _____ പോലെയുണ്ടൊരു തേനുലാവിന ഭാഷയും.

   അ) വാനിലമ്പിളി ആ) താരകം

   ഇ) സൂര്യൻ ഈ) വെള്ളിമേഘം

IV. പിരിച്ചെഴുതുക.

1. മീതെയായൊരു = _____ + _____
2. പൂനിലാവൊഴുക്കുന്നു = _____ + _____
3. നന്ദനോദ്യാനം = _____ + _____
4. വാനിലമ്പിളി = _____ + _____

4 th_Malayalam_Term 1_1.indd 4 7/19/2019 5:31:06 PM

V. ഉത്തരമെഴുതുക.

1. കേരളത്തെ ലാളിക്കുന്നത് ആര്?
2. കേരളം നന്ദനോദ്യാന പോതകമാണെന്ന് പറയുന്നത് എന്തുകൊണ്ട്?
3. തേനുലാവുന ഭാഷയെ എന്തിനോടാണ് താരതമ്യംചെയ്യുന്നത്?
4. കൈരളി എന്താണ് ചെയ്യുന്നത്?
5. എങ്ങനെയുള്ള മാതൃഭൂമി ജയിക്കണമെന്നാണ് കവി ആശംസിക്കുന്നത്?

കേരളം

കേരളം എന്റെ ജന്മനാട്. ഇന്ത്യ മഹാരാജ്യത്തിന്റെ തെക്കുപടിഞ്ഞാറായി കേരളം സ്ഥിതിചെയ്യുന്നു. ദൈവത്തിന്റെ സ്വന്തംനാട് എന്ന വിശേഷണം. കേരവൃക്ഷങ്ങൾ നൃത്തമാടുന്ന കടൽത്തീരങ്ങൾ, സസ്യശ്യാമളമായ പർവ്വതനിരകൾ, സുഗന്ധദ്രവ്യങ്ങൾ പരിമളം പരത്തുന്ന മലയോരങ്ങൾ, കഥകളി, തുള്ളൽ എന്നീ കലാരൂപങ്ങൾ വള്ളംകളി, കളരിപ്പയറ്റ് തുടങ്ങിയ വിനോദങ്ങൾ. എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ, മഹാകവികളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ നാടിന്റെ അഭിമാനങ്ങൾ.

“ഭാരതമെന്ന പേരുകേട്ടാ
ലഭിമാനപൂരിതമാകണമന്തരംഗം.”

“കേരളമെന്നു കേട്ടാലോ തിളക്കണം
ചോര നമുക്ക് ഞരമ്പുകളിൽ.”

4 th_Malayalam_Term 1_1.indd 5 7/19/2019 5:31:06 PM

ഗദ്യം 2

ഓണം

ജാതിമതഭേദമന്യേ കേരളീയർ ഒന്നടങ്കം ആഘോഷിച്ചു വരുന്ന ഒരു ഉത്സവമാണ് ഓണം. അതുകൊണ്ടുതന്നെയാണ് ഓണം നമ്മുടെ ദേശീയോത്സവമാകുന്നതും. ചിങ്ങമാസത്തിലെ തിരുവോണനാളിലാണ് ഓണം ആഘോഷിക്കുന്നത്. കാലവർഷത്തിന്റെ ശക്തി കുറഞ്ഞ്. നാടിന്റെ മിക്ക ഭാഗത്തും കൊയ്ത്ത് തുടങ്ങും. കാർമേഘങ്ങൾ ഒഴിഞ്ഞ് ആകാശം പൊതുവേ പ്രസന്നമാകും. നിലാവ് എങ്ങും പരക്കും. ജനങ്ങളുടെ മനസ്സ് സന്തോഷം കൊണ്ട് നിറയും.

ഈ ആഘോഷത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ട്. കേരളം ഭരിച്ചിരുന്ന അസുര ചക്രവർത്തിയായിരുന്നു മഹാബലി. അദ്ദേഹം മൂന്നു ലോകവും അടക്കിവാണിരുന്നു. ഇതിൽ അസൂയാലുക്കളായ ദേവന്മാർ എങ്ങനെയും അദ്ദേഹത്തെ നശിപ്പിക്കണമെന്നുറച്ച് മഹാവിഷ്ണുവിന്റെ സഹായം തേടി. മഹാവിഷ്ണു, ഒരു ബ്രാഹ്മണബാലന്റെ വേഷത്തിൽ വാമനനായി, മഹാബലിയുടെ മുമ്പിൽ വന്ന് തപസ്സനുഷ്ഠിക്കാൻ മൂന്നടി മണ്ണ് യാചിച്ചു. ദാനശീലനായ മഹാബലി സന്തോഷപൂർവ്വം അത് നൽകി. വാമനനാകട്ടെ വിശ്വരൂപം കൈകൊണ്ട് ഒരടിയിൽ ഭൂമിയും മറ്റൊരടിയാൽ സ്വർഗ്ഗവും അളന്നെടുത്തു. മൂന്നാമത്തെ അടി അളക്കാൻ സ്ഥലം ആവശ്യപ്പെട്ട

4 th_Malayalam_Term 1_1.indd 6 7/19/2019 5:31:08 PM

വാമനന് മഹാബലി ശിരസ്സ് കാണിച്ചു കൊടുത്തു. വാമനൻ ആ തലയിൽ ചവുട്ടി മഹാബലിയെ പാതാളത്തിലേക്ക് താഴ്ത്തി. എന്നാൽ, ആണ്ടിലൊരിക്കൽ ഭൂമിയിൽ വന്ന് സ്വന്തം പ്രജകളെ കാണാനുള്ള അനുവാദം മഹാവിഷ്ണു മഹാബലിയ്ക്കു നൽകുകയുണ്ടായി. ചിങ്ങമാസത്തിലെ തിരുവോണനാളിൽ മഹാബലി പ്രജകളെ കാണാൻ നാട്ടിലെത്തുന്നു. അദ്ദേഹത്തെ സ്വീകരിക്കാനാണ് കേരളീയർ ഓണം ആഘോഷിക്കുന്നത്.

പത്തുദിവസം മുമ്പേ ഓണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങും. വീട്ടുമുറ്റത്ത് പൂവിടുന്നതാണ് പ്രധാന ചടങ്ങ്. പൂക്കൂടകളേന്തി, കൂട്ടംചേർന്ന് 'പൂവേപൊലിപൂവേ'എന്ന് വിളിച്ചുകൊണ്ട് കുട്ടികൾ പൂപറിക്കാൻ പോകുന്നു.

പല വർണ്ണങ്ങളിലുള്ള പൂക്കൾ ശേഖരിച്ച് അവർ വീടിന്റെ മുൻവശത്ത് മനോഹരമായ പൂക്കളങ്ങൾ നിർമ്മിക്കുന്നു. ഇതിന് മുക്കുറ്റിപ്പൂവ്, തെച്ചിപ്പൂവ്, തുമ്പപ്പൂവ് തുടങ്ങിയവയാണ് കൂടുതൽ ഉപയോഗിച്ചു വരുന്നത്.



തിരുവോണനാളിൽ മാവേലിയെ എതിരേറ്റ് പൂജിക്കുന്നു. തുടർന്നു നാലു ദിവസവും ആഘോഷം നടത്തുന്നു. സമ്പൽസമൃദ്ധിയെ സൂചിപ്പിക്കുംവിധമാണ് ഓണം ആഘോഷിച്ചുവരുന്നത്. എല്ലാവരും പുതുവസ്ത്രങ്ങൾ അണിയുന്നു. "കാണം വിറ്റും ഓണം ഉണ്ണണം" എന്നാണല്ലോ ചൊല്ല്. കേമമായ സദ്യയാണ് ഓണാഘോഷത്തിന്റെ പ്രധാനസവിശേഷത.

4 th_Malayalam_Term 1_1.indd 7 7/19/2019 5:31:09 PM

ഈ ദിവസങ്ങളിൽ പ്രായഭേദമന്യേ ജനങ്ങൾ പലതരം വിനോദങ്ങളിൽ ഏർപ്പെടുന്നു. പന്തുകളി, വള്ളം കളി, ഓണത്തല്ല് എന്നിവ പുരുഷന്മാരുടെ പ്രധാന വിനോദങ്ങളാണ്.ഊഞ്ഞാലാട്ടം, കൈകൊട്ടിക്കളി, തുമ്പി തുള്ളൽ തുടങ്ങിയവയാണ് സ്ത്രീകളുടെ വിനോദങ്ങൾ. കൈകൊട്ടിക്കളിക്ക് നാടൻ ഗാനങ്ങളും, ആട്ടക്കഥകളിലെ പാട്ടുകളും ഉപയോഗപ്പെടുത്തിവരുന്നു. വള്ളംകളിയിൽ ഏർപ്പെടുന്നവർക്ക് പലതരം വഞ്ചിപ്പാട്ടുകളും പ്രചാരത്തിലുണ്ട്.

ഐതിഹ്യപ്രകാരം മഹാവിഷ്ണുവിന് പ്രാധാന്യം ലഭിക്കുന്ന തരത്തിലുള്ള ആഘോഷമാണ്, എങ്കിൽപോലും എല്ലാ സമുദായക്കാരും ഈ ആഘോഷത്തിന്റെ ഉത്സാഹത്തിൽ പങ്കുകൊള്ളുന്നവരാണ് ഔദ്യോഗികമായിത്തന്നെ ഓണം കേരളത്തിന്റെ ദേശീയോത്സവമായി മാറിയിരിക്കുന്നു.

കേരളത്തിൽ മാത്രമല്ല ദക്ഷിണേന്ത്യയിൽ പലയിടത്തും മുമ്പ് ഓണം ആഘോഷിച്ചിരുന്നു എന്നുവേണം കരുതാൻ. മധുരയിൽ പണ്ടുകാലത്ത് ഓണം ആഘോഷിച്ചിരുന്നു എന്നതിന് തെളിവാണ് സംഘകാലകൃതികളിലൊന്നായ മധുരൈക്കാഞ്ചിയിൽ ഓണത്തെപ്പറ്റിയുള്ള പരാമർശം.ശ്രാവണമാസത്തിലെ പൗർണമിനാളിൽത്തന്നെയാണ് അവിടെയും ഓണം ആഘോഷിച്ചു വന്നത്. പണ്ട് തിരുപ്പതിയിലെ ആണ്ടുത്സവം നടക്കാറുള്ളത് ഓണത്തോട് ചേർന്നായിരുന്നു. ബാലാജി എന്നറിയപ്പെടുന്ന തിരുപ്പതി ഭഗവാൻ വാമനനായി മൂന്നുലോകവുമളന്ന മഹാവിഷ്ണുവാണെന്നുംചിലർക്ക് അഭിപ്രായമുണ്ട്. ഏതായാലും ഇപ്പോൾ ഓണം കേരളീയരുടെ മാത്രം ആഘോഷമായിമാറിയിരിക്കുന്നു.

ഈ ആഘോഷത്തിലൂടെ നമുക്ക് ഒരു നഷ്ടവസന്തത്തെക്കുറിച്ചുള്ള ഓർമ്മ നിലനിർത്തുകയാണെന്നു പറയാം. പല ജനസമൂഹങ്ങളുടെയും ഇടയിൽ ഇങ്ങനെ നഷ്ടപ്പെട്ടുപോയ സ്വർഗ്ഗത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ കാണുന്നുണ്ട്. കൊഴിഞ്ഞുപോയ നല്ല കാലത്തെക്കുറിച്ചുള്ള ഓർമ്മ ഭാവിയിൽ ഒരു ശോഭന കാലത്തെ പ്രതീക്ഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു എന്നത് തന്നെയാണ് ഇത്തരം ഉത്സവങ്ങൾ കൊണ്ടുള്ള പ്രയോജനവും.

അഭ്യാസം

I. പദപരിചയം

ആഘോഷം	ഐതിഹ്യം	ചക്രവർത്തി	സമൃദ്ധി
സുലഭം	ഔദ്യോഗികം	സംഘകാലം	ശ്രാവണമാസം
നഷ്ടവസന്തം	തപസ്സ്	സങ്കല്പം	

4 th_Malayalam_Term 1_1.indd 8 7/19/2019 5:31:09 PM

II. അർത്ഥം പഠിക്കാം

1.	ഐതിഹ്യം	=	പണ്ട് പണ്ടേ പറഞ്ഞുപോരുന്ന കഥ
2.	പ്രജകൾ	=	ജനങ്ങൾ
3.	സുലഭം	=	ധാരാളം
4.	ശ്രാവണമാസം	=	ചിങ്ങ മാസം
5.	ആഘോഷം	=	ഉത്സവം
6.	നഷ്ട വസന്തം	=	നഷ്ടമായ നല്ലകാലം

III. വിപരീത പദം

1.	പ്രസിദ്ധം	×	അപ്രസിദ്ധം
2.	സ്വർഗ്ഗം	×	നരകം
3.	സുലഭം	×	അസുലഭം
4.	നഷ്ടം	×	ലാഭം
5.	പ്രധാനം	×	അപ്രധാനം

IV. പിരിച്ചെഴുതുക

1.	ദേശീയോത്സവം	–	_____	+	_____
2.	ഓണാഘോഷം	–	_____	+	_____
3.	പൂക്കൂട	–	_____	+	_____
4.	കൈകൊട്ടിക്കളി	–	_____	+	_____

V. ഉത്തരമെഴുതുക

1. ചിങ്ങമാസത്തിൽ പ്രകൃതിയുടെ സവിശേഷതകൾ എന്തെല്ലാം?
2. ഓണാഘോഷത്തെ കുറിച്ചുള്ള ഐതിഹ്യം എന്താണ്?
3. കേരളീയർ മഹാബലിയെ സ്വീകരിക്കുന്നത് എങ്ങനെയാണ് ?
4. ഓണത്തിനുള്ള ഒരുക്കങ്ങൾ എന്തൊക്കെയാണ്?
5. ഓണാഘോഷം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

4 th_Malayalam_Term 1_1.indd 9 7/19/2019 5:31:09 PM

VI. ഓണവുമായി ബന്ധമുള്ള പദങ്ങൾ എഴുതുക

1. ഓണസദ്യ
2. _____
3. _____
4. _____
5. _____

VII. പൂരിപ്പിക്കുക

1. ഓണം കേരളീയരുടെ _____ ഉത്സവമാണ്.
2. ചിങ്ങമാസത്തിലെ _____ നാളിലാണ് ഓണം ആഘോഷിക്കുന്നത്.
3. _____ ഒരു ബ്രാഹ്മണ വേഷത്തിലാണ് വന്നത്.
4. പത്തു ദിവസം മുമ്പേ വീട്ടുമുറ്റത്ത് _____ ഒരുക്കണം.
5. കേമമായ _____ ആണ് ഓണാഘോഷത്തിന്റെ പ്രധാനയിനം.

VIII. പൂക്കളമിടാൻ ഉപയോഗിക്കുന്ന പൂക്കളുടെ പേര് ശേഖരിക്കുക.

_____, _____, _____,

_____, _____, _____,

_____, _____, _____,

_____, _____, _____,

4 th_Malayalam_Term 1_1.indd 10 7/19/2019 5:31:09 PM

IX. പാടി രസിക്കാം

അത്തം പത്തിന് പൊന്നോണം.
ആടിപ്പാടാൻ പൊന്നോണം,
ഇക്കിളി വട്ടത്തിത്തിരി നേരം
ഈണമീട്ടും തിരുവോണം.
ഉച്ചതിരിഞ്ഞൊരു നേരത്ത്,
ഊഞ്ഞാൽപ്പാട്ടുകൾ പാടേണം,
ഋഷിയുടെ വാക്കുകൾ പാടേ തള്ളിയ
എളിമക്കഥയിതു ചൊല്ലേണം.
ഏറെവിയർത്തിട്ടൊടുവിൽ നമ്മുടെ,
ഐരാവതമുടെ രാജാവ്.
ഒരുമിച്ചുടനെ ദേവകളൊപ്പം,
ഓടിച്ചെന്നു വിഷ്ണുവിനരികെ,
ഔദാര്യത്തൊടു മൂന്നടിമണ്ണുടൻ
അംബരമുൾപ്പെടെ നൽകിയ ബലിയെ
അന്നു ചവിട്ടിപ്പാതാളത്തിൽ,
ആഴ്ത്തിയ കഥചൊല്ലിടേണ്ടേ?

- കൃഷ്ണൻകുട്ടി മടവൂർ

4 th_Malayalam_Term 1_1.indd 11 7/19/2019 5:31:10 PM

ആവണി മാസം

മാവേലിത്തമ്പുരാൻ
നാടുകാണാൻ വരും
മാസമിതാവണി മാസം.
മാനം നറുനിലാ
പ്പാലാഴിയായ് മാറും
മാസമിതാവണി മാസം.
മഞ്ഞവെയിൽപ്പാവു
മുണ്ടുടുത്തെത്തുന്ന
മാസമിതാവണി മാസം.
മണ്ണിലും, വിണ്ണിലും
പൂക്കൾ ചിരിക്കുന്ന
മാസമിതാവണി മാസം.

- ഒ. എൻ. വി

4 th_Malayalam_Term 1_1.indd 12 7/19/2019 5:31:10 PM

ഓണപ്പാട്ട്

മാവേലി നാടുവാണീടും കാലം
മാനുഷ്യരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ല താനും,
ആധികൾ വ്യാധികൾ ഒന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
കള്ളവുമില്ല, ചതിയുമില്ല
എള്ളോളമില്ല പൊളിവചനം.
വെള്ളിക്കോലാദികൾ നാഴികളും,
എല്ലാം കണക്കിനു തുല്യമായി
കള്ളപ്പറയും ചെറു നാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.

4 th_Malayalam_Term 1_1.indd 13 7/19/2019 5:31:13 PM

കഥ 3 സ്നേഹം താൻ ശക്തി

കുട്ടന് എട്ടു വയസ്സ്. ലൈലക്ക് ആറു വയസ്സ്. സ്കൂൾ ഇനി കുറേ ദിവസത്തേക്ക് തുറക്കുകയില്ല. അതുകൊണ്ട് കളിക്കുകയാണ് മുറ്റത്ത്. വെയിലു പോയിത്തുടങ്ങി. അവർ തുള്ളി ചാടി കളിച്ചു നടക്കുന്നതിനിടയ്ക്ക് ഒരു മൈന വന്നിരുന്നു. ഒരിക്കലും ഒരു പക്ഷി പേടിയില്ലാതെ ഇത്ര അടുത്ത് വന്നിരിക്കുന്നത് കുട്ടൻ കണ്ടിട്ടില്ല. അവനു തോന്നി പതുക്കെ അടുത്തു ചെന്നാൽ അതിനെ കയ്യിലെടുക്കാമെന്ന്.എന്നാൽ ആ മൈന ഒരു സൂത്രക്കാരനായിരുന്നു. കുട്ടൻ തൊട്ടുതൊട്ടില്ല എന്നു വന്നപ്പോൾ മനുഷ്യർ ചിരിക്കുന്ന സ്വരത്തിൽ മൈന ഒച്ചയുണ്ടാക്കി.ക്കൊണ്ട് മുറ്റത്തിന്റെ വടക്കേ അരികിൽ ഇരുന്ന മാവിന്റെ കൊമ്പത്ത് പറന്നുപറ്റി. അതുകൊണ്ട് കുറച്ച് ക്ഷുഭിതനായി കുട്ടൻ മുറിയിലേക്കോടിപ്പോയി. മടങ്ങിവന്നത് തന്റെ പ്രിയപ്പെട്ട തെറ്റാലിയുമെടുത്തിട്ടാണ്. അതിൽ ഒരു കല്ലെടുത്തുവെച്ച് മൈനയുടെ നേർക്കുലാക്കു നോക്കുന്നത് കണ്ടു ലൈല പറഞ്ഞു.

"ചേട്ടാ, പാവം മൈന എന്തിനാണതിനെ കൊല്ലുന്നത്?"

ലൈല പറഞ്ഞതിന്റെ അർത്ഥം നല്ലതുപോലെ മനസ്സിലായിട്ടെന്നതുപോലെ ആ കിളി ഈണത്തിലൊരു പാട്ടു പാടി.ആ പാട്ടിന്റെ മാധുര്യം അസാധാരണമായിരുന്നു. അതിന്റെ അനുബന്ധം പോലെ ലൈല പറഞ്ഞു.

4 th_Malayalam_Term 1_1.indd 14 7/19/2019 5:31:13 PM

ഒരു പീഡ ഒരെറുമ്പിനും വരുത്തരുതെന്നല്ലേ ഇന്നലെ രാത്രി അമ്മ നമ്മോട് പറഞ്ഞത്. എറുമ്പാണെങ്കിൽ കടിക്കുകയെങ്കിലും ചെയ്യും. കേൾക്കൂ ആ മൈനയുടെ പാട്ട് എനിക്കതിന് ഒരു ഉമ്മ കൊടുക്കാൻ തോന്നുന്നു. എന്തോ അബദ്ധം ചെയ്യുവാൻ തുടങ്ങിയവനെപ്പോലെ കുട്ടൻ അവന്റെ കയ്യിലിരുന്ന തെറ്റാലിയും കല്ലും തറയിലിട്ടു.പിന്നെ നടന്നത് ഒരു വലിയ അത്ഭുതമാണ്. മധുരമായി പാടിക്കൊണ്ട് മൈന മാവിന്റെ കൊമ്പിലിരിക്കുമ്പോൾ അതിലുണങ്ങിയതും മുരടിച്ചും നിന്ന ഇലകളെല്ലാം പൊഴിഞ്ഞ് താഴെ വീണു.

അതിനുപകരം പട്ടു പോലെ മൃദുലമായ തളിരിലകൾ ആ കൊമ്പിലാകെ വന്നു നിറഞ്ഞു. മൈന ഓരോ കൊമ്പിലും മാറി മാറി ഇരുന്നു. ഉണക്കി മുരടിച്ചു വൃദ്ധയെ പ്പോലെനിന്ന ആ മാവ് ഏതാനും മിനിട്ടുകൾക്കുള്ളിൽ നിറയെ മാവില കൊണ്ട് പൊതിഞ്ഞു. ഇല്ല എന്നു മാത്രമല്ല കൊമ്പിന്റെ അറ്റത്തെല്ലാം എല്ലാ പൂക്കൾകൊണ്ട്നിറഞ്ഞു.

ലൈല പറഞ്ഞു.

“ചേട്ടാ ഇത് വെറും ഒരു മൈനയല്ല.”

നോക്കൂ, ക്രിസ്റ്റീനയുടെയും, റഹ്മാന്റെയും വീട്ടുമുറ്റത്ത് എത്ര പാഴ്ച്ചെടികളും പൂച്ചെടികളുമാണുള്ളത്.നമുക്കാകെയുള്ളത് ഈ മാവാണ്. അതോ ഉണങ്ങി ഇലയെല്ലാം കുരുന്നിപ്പോയത്. ഈ മൈന വന്നു പാട്ടുപാടി ആ മരത്തെ മനോഹരമാക്കിയിരിക്കുന്നു. നമുക്കും ഇങ്ങനെ പാടാൻ കഴിഞ്ഞിരുന്നെങ്കിൽ അവൾ അത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ മൈന മനുഷ്യ ശബ്ദത്തിൽ ഒരു പാട്ടു കൂടി പാടി.

സ്നേഹത്തിൽ നിന്നുദിക്കുന്നൂ-ലോകം

സ്നേഹത്താൽ വൃദ്ധി തേടുന്നു

സ്നേഹം താൻ ശക്തി ജഗത്തിൽ സ്വയം

സ്നേഹം താനാനന്ദമാർക്കും;

സ്നേഹം താൻ ജീവിതം ശ്രീമാൻ, സ്നേഹ

വ്യാഹതി തന്നെ മരണം!!

മൈന ഇങ്ങനെ വീണ്ടും വീണ്ടും പാടുന്നത് കേട്ടപ്പോൾ കുട്ടികൾക്ക് അത് പഠിക്കാൻ കഴിഞ്ഞു. പിന്നെ മുറ്റത്തും, പുരയിടത്തിലും അവർ എവിടെ നിന്നെല്ലാം ഇതു പാടിയോ അവിടെ എല്ലാം ഒരു മായവിദ്യയിലെന്നപോലെ നല്ല ശോഭയും മണവും, തേനുമുള്ള പൂക്കളുതിർത്തുകൊണ്ട് ഓരോ ചെടി പ്രത്യക്ഷപ്പെട്ടു. ആ നാടുതന്നെ വസന്തത്തിലെന്നതുപോലെ അതീവസുന്ദരമായിത്തീർന്നു.

4 th_Malayalam_Term 1_1.indd 15 7/19/2019 5:31:14 PM

അഭ്യാസം

I. പദപരിചയം.

സൂത്രക്കാരൻ	ക്ഷുഭിതൻ	തെറ്റാലി	ഈണം
അനുബന്ധം	പീഡ	ശോഭ	പ്രത്യക്ഷം
ജഗം			

II. അർത്ഥം പഠിക്കാം.

1.	ജഗം	=	ലോകം (ഭൂമി)
2.	ലാക്ക്	=	ലക്ഷ്യം
3.	അനുബന്ധം	=	തുടർച്ച
4.	പീഡ	=	ദുഃഖം
5.	ക്ഷുഭിതൻ	=	ദേഷ്യപ്പെടുന്നവൻ
6.	മൃദുലം	=	മാർദ്ദവം

III. വിപരീത പദങ്ങൾ കണ്ടെത്താം.

'അ' മുന്നിൽ വരുമ്പോൾ പദങ്ങൾക്ക് വിപരീതാർത്ഥം വരുന്നത് ശ്രദ്ധിക്കൂ. മറ്റു പദങ്ങളും ഇതുപോലെ മാറ്റിയെഴുതുക.

1.	**സാധാരണം**	**×**	**അസാധാരണം**
2.	നീതി	×	_____
3.	ധർമ്മം	×	_____
4.	സത്യം	×	_____
5.	ശാന്തി	×	_____

4 th_Malayalam_Term 1_1.indd 16 7/19/2019 5:31:14 PM

IV. പിരിച്ചെഴുതുക

1. ദേശീയോത്സവം – _____ + _____
2. പേടിയില്ലാതെ – _____ + _____
3. ഒച്ചയുണ്ടാക്കി – _____ + _____
4. ഇലകളെല്ലാം – _____ + _____
5. അറ്റത്തെല്ലാം – _____ + _____

V. യോജിപ്പിക്കുക.

1.	മൈന	=	പാട്ട്
2.	മരം	=	സൂത്രശാലി
3.	മാധുര്യം	=	സുന്ദരം
4.	സ്കൂൾ	=	മാവ്
5.	വസന്തം	=	അവധി

VI. പൂരിപ്പിക്കുക.

1. _____ ഒരു സൂത്രക്കാരനായിരുന്നു.
2. കുട്ടൻ തന്റെ പ്രിയപ്പെട്ട _____ എടുത്തു കൊണ്ടുവന്നു.
3. മൈന ഈണത്തിൽ ഒരു _____ പാടി.
4. പാവം മൈന എന്തിനാണതിനെ. _____
5. കൊമ്പിന്റെ അറ്റത്തെല്ലാം _____ കൊണ്ടു നിറഞ്ഞു.

VII. പദങ്ങൾ ക്രമീകരിച്ച് വാക്യം നിർമ്മിക്കുക.

1. പാട്ടുപാടി / കിളി / ഈണത്തിൽ
2. ഉമ്മ / കൊടുക്കാൻ / എനിക്ക് / ഒരു / തോന്നി
3. തളിരിലകൾ /പട്ടുപോലെ / മൃദുലമായ
4. ലൈലയ്ക്ക് / വയസ്സ് / ആറ്

4 th_Malayalam_Term 1_1.indd 17 7/19/2019 5:31:14 PM

VIII. ഉത്തരമെഴുതുക.

1. കുട്ടൻ ക്ഷുഭിതനായതെന്തുകൊണ്ട്?
2. ലൈലയ്ക്കും, കുട്ടനും അമ്മ പകർന്നുകൊടുത്ത പാഠമെന്തായിരുന്നു?
3. മൈനയുടെ പാട്ട് കേട്ട് മരത്തിനുണ്ടായ മാറ്റമെന്താണ് ?
4. മൈന മനുഷ്യശബ്ദത്തിൽ പാടിയ പാട്ടേതാണ്?

IX. പക്ഷികളെക്കുറിച്ചുള്ള കവിതകൾ കണ്ടെത്താം

മാതൃക

“കാക്കേ കാക്കേ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ?”
“പ്രാവേ പ്രാവേ പോകരുതേ
വാ വാ കൂട്ടിനകത്താക്കാം.”

4 th_Malayalam_Term 1_1.indd 18 7/19/2019 5:31:17 PM

വിശപ്പ്

അവൾ കുട്ടികൾക്കിടയിൽ കയറി എത്തി നോക്കി.അവിടെ എല്ലും തോലുമായ ഒരു വൃദ്ധൻ കിടന്നു ഞരങ്ങുകയാണ്.എന്തെങ്കിലും കഴിക്കാനായി അയാൾ ചുറ്റും നിൽക്കുന്നവരോട് കൈനീട്ടുന്നു. കുറേ കുട്ടികൾ അയാളെ കളിയാക്കുന്നു. അവൾക്ക് വല്ലാത്ത വിഷമം തോന്നി ആ വൃദ്ധൻ അവളെ. അയാൾ മെലിഞ്ഞുണങ്ങിയ കൈകൾ നീട്ടി അവളോട് എന്തോ പറഞ്ഞു. ചില കുട്ടികൾ അപ്പോഴേക്കും കൂക്കിവിളിച്ചു. അവൾ പിന്നൊന്നും ചിന്തിച്ചില്ല.ബാഗ് തുറന്ന് ചോറ്റുപാത്രം പുറത്തെടുത്തു. അതിലെ മുഴുവൻ ചോറും അവൾക്കേറെ ഇഷ്ടമുള്ള മുളക് ചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്ക് പകർന്നുകൊടുത്തു. അയാളുടെ കുഴിഞ്ഞ കണ്ണുകൾ നനഞ്ഞു. ആർത്തിയോടെ അയാൾ ചോറ് കഴിച്ചു. അവസാനത്തെ വറ്റും അയാളുടെ വയറ്റിലെത്തുന്നതുവരെ അവൾ നോക്കിനിന്നു. അവൾക്കെന്തോ പെട്ടെന്ന് കരച്ചിൽ വന്നു. സന്തോഷം കൊണ്ടായിരുന്നു.

4 th_Malayalam_Term 1_1.indd 19 7/19/2019 5:31:18 PM

ഭാഗം 2 എന്റെ ഭാഷ

പഠന ലക്ഷ്യങ്ങൾ

- ചിന്തകൾ, വികാരങ്ങൾ, ഭാവന എന്നിവ മറ്റുള്ളവർക്ക് മനസ്സിലാകുന്ന തരത്തിൽ വിനിമയം ചെയ്യൽ.
- പുരാണങ്ങൾ, ഇതിഹാസങ്ങൾ, ചരിത്രം, സംസ്കാരം എന്നിവയിലൂടെ ഭാഷാപരിജ്ഞാനം വളർത്തിയെടുക്കൽ.
- കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത : അക്ഷരമാല

ഗദ്യം : കൃഷി പാഠം

കഥ : ശാസ്ത്രപരീക്ഷ

4 th_Malayalam_Term 1_1.indd 20 7/19/2019 5:31:19 PM

കവിത 4 അക്ഷരമാല

കടമ്മനിട്ട രാമകൃഷ്ണൻ

അക്കാണും മരമെന്തമ്മേ?
അക്ഷരമാണെൻ കുഞ്ഞേ
അക്ഷരമെന്നാലെന്തമ്മേ?
അറിവിൻ കനിയുടെ കരുവാണെ
കണ്ണുകൾ നിറയെക്കാണുക നീ,
ഉള്ളുതുറന്നു നിറക്കുക നീ,
കതിരോൻ നിന്റെ തുണയ്ക്കുണ്ട്.
കുഞ്ഞാറ്റകളുടെ കൂട്ടുണ്ട്
കുഞ്ഞാറ്റകളുടെ പാട്ടുണ്ട്.
കുഞ്ഞലയായ് ചെറു കാറ്റുണ്ട്.
കൂട്ടും, പാട്ടും, കൂട്ടവുമോരോ
കൂട്ടക്ഷരമായ് കൂമ്പുന്നു നാം

4 th_Malayalam_Term 1_1.indd 21 7/19/2019 5:31:21 PM

കൂട്ടക്ഷരമായ് വിരിയുന്നു.
പലവിധ ശാഖകൾ വീശുന്നു,
പുതുനറുനാമ്പുകൾ നീളുന്നു,
ആമര മടിമുടി പൂക്കുന്നു,
അക്ഷര വിരുതിൻ വിളയാട്ടം,
നേരിൻ നിറമവ പേറുന്നു.

അഭ്യാസം

I. പദപരിചയം.

കനി	കരു	കതിരോൻ	കുഞ്ഞാറ്റ
കുഞ്ഞല	കൂട്ടക്ഷരം	നാമ്പുകൾ	വിരുത്

II. അർത്ഥം പഠിക്കാം.

1.	ശാഖ	-	ചില്ല
2.	തുണയ്ക്കുക	-	സഹായിക്കുക
3.	കനി	-	ഫലം
4.	ഉള്ള്	-	മനസ്സ്
5.	കതിരവൻ	-	സൂര്യൻ
6.	നറുനാമ്പുകൾ	-	തളിരിലകൾ
7.	നേര്	-	സത്യം

4 th_Malayalam_Term 1_1.indd 22 7/19/2019 5:31:21 PM

III. പര്യായ പദങ്ങൾ എഴുതുക.

1. മരം _____, _____, _____
2. കനി _____, _____, _____
3. കാറ്റ് _____, _____, _____
4. കതിരവൻ _____, _____, _____

IV. മാതൃകയനുസരിച്ച് പദങ്ങൾ എഴുതുക.

1. **കര - കരയിൽ**
2. പാട്ട് - _____
3. ശാഖ - _____
4. പൂവ് - _____
5. കണ്ണ് - _____
6. വീട് - _____

V. യോജിപ്പിക്കുക.

1.	അറിവിൻ കനിയുടെ	–	പൂക്കുന്നു
2.	കുഞ്ഞലയായ്	–	വീശുന്നു
3.	പലവിധ ശാഖകൾ	–	നീളുന്നു
4.	പുതുനറുനാമ്പുകൾ	–	കരുവാണെ
5.	ആമരമടിമുടി	–	ചെറുകാറ്റുണ്ട്

4 th_Malayalam_Term 1_1.indd 23 7/19/2019 5:31:21 PM

VI. ചേർത്തെഴുതുക.

1.	**ആ**	**+**	**കാണുന്ന**	**=**	**അക്കാണുന്ന**
2.	അക്ഷരം	+	എന്നാൽ	=	_____
3.	നിറയെ	+	കാണുക	=	_____
4.	കൂട്ട്	+	ഉണ്ട്	=	_____
5.	കാറ്റ്	+	ഉണ്ട്	=	_____

VII. അക്ഷരമാല ക്രമത്തിൽ എഴുതുക.

ഉമി	ഈയം	ആലയം	ഊണ്
അവൻ	ഇടി	ആണി	ഈച്ച
അണി	ഈശൻ	ഐരാവതം	ഉമ
ഏണി	ഊഞ്ഞാൽ	അറ	അമ്പ്
ആകാശം	എരുമ	ഇല	ഒരുമ
ഒട്ടകം	ഓട്	ഋഷഭം	ഋതു
ഔഷധം	ഐക്യം	ഉറവ	അമ്മ

VIII. ഉത്തരമെഴുതുക.

1. അമ്മയോട് കുട്ടി ഏത് മരത്തെക്കുറിച്ചാണ് ചോദിക്കുന്നത്?
2. എങ്ങനെ അക്ഷരമരത്തെ കാണണമെന്നാണ് അമ്മ പറയുന്നത്?
3. ആര് തുണയ്ക്ക് ഉണ്ടാകുമെന്നാണ് അമ്മ പറയുന്നത്?

4 th_Malayalam_Term 1_1.indd 24 7/19/2019 5:31:22 PM

ഓർത്തു നോക്കാം

അക്ഷരവണ്ടി വരുന്നുണ്ടേ!
അക്ഷരവണ്ടി വരുന്നുണ്ടേ
ഏലേലൈസ ഏലേലൈസ...
കേറിപ്പോട്ടേ കേറിപ്പോട്ടേ!
ഒത്തുപിടിച്ചോ ഒത്തുപിടിച്ചോ
അക്ഷരവണ്ടി അക്ഷരവണ്ടി...
ഏലേലൈസ അ ആ ഇ ഈ
കേറിപ്പോട്ടേ ഉ ഊ ഋ വും
ഒത്തുപിടിച്ചോ എ ഏ ഐ ഒ
അക്ഷരവണ്ടി ഓ ഔ ഏലോ
അക്ഷരവണ്ടി അം അ: ഏലോ
അക്ഷരവണ്ടി ഐ ലസാ.....

അച്ചൻ കൊമ്പത്ത്

അച്ചൻ കൊമ്പത്ത്	ക ഖ ഗ ഘ ങ
അമ്മ വരമ്പത്ത്	ച ഛ ജ ഝ ഞ
അമ്മാനക്കൂട്ടം	ട ഠ ഡ ഢ ണ
അച്ചൻ കൊമ്പത്തമ്മവരമ്പത്തമ്മാനക്കൂട്ടം	
അങ്ങേ കൊമ്പത്ത്	ത ഥ ദ ധ ന
ഇങ്ങേ കൊമ്പത്ത്	പ ഫ ബ ഭ മ
അന്യോന്യകൂട്ടം.	യ ര ല വ
തെയ്താര തെയ്താര തെയ്യം താര	
പെരുവഴിയോരത്ത്	ശ ഷ സ ഹ
അമ്പലമുറ്റത്ത്	ള ഴ റ
അക്ഷരരൂപങ്ങൾ	
പെരുവഴിയോരത്തമ്പലമുറ്റത്തക്ഷരരൂപങ്ങൾ	
തെയ്താര തെയ്താര തെയ്താര തെയ്യം താരാ.	

4 th_Malayalam_Term 1_1.indd 25 7/19/2019 5:31:22 PM

ഗദ്യം 5

കൃഷിപാഠം

പച്ചക്കറിവണ്ടി വന്നു.വണ്ടിയും തള്ളി മണിയണ്ണൻ ഓരോ വീടിനു മുന്നിലും വിളിച്ചു കൂവി. പച്ചക്കറി വേണോ? പച്ചക്കറി. ഇതുകേട്ട് ഒരു മുത്തശ്ശി പിറുപിറുത്തു. പണ്ട് ഇവിടെയൊക്കെ നിറയെ കൃഷിയായിരുന്നു. മരച്ചീനി, മത്തൻ, വാഴ, തെങ്ങ്, ചേന, പയറുവർഗ്ഗങ്ങൾ. വാഴ തന്നെ എത്ര തരം. കുന്നൻ, കാളി, നേന്ത്രൻ, കദളി... പൂവൻ. ഇന്നോ കൃഷി ചെയ്യാൻ ആർക്കാ നേരം? എല്ലാം കാശ് കൊടുത്തു വാങ്ങുകയല്ലേ, അതും വിഷം ചേർത്ത പച്ചക്കറികൾ. ഏറെയും തമിഴ്നാട്ടിൽനിന്ന്. കാലം പോയ വഴിയേ ? മുത്തശ്ശി ദീർഘമായി നിശ്വസിച്ചു.

“എന്തു വിലയാ പച്ചക്കറിക്കെല്ലാം...?”

ഇങ്ങനെ പോയാൽ എങ്ങനെ വാങ്ങും.

ഒരു വീട്ടമ്മ തന്റെ സങ്കടം പങ്കുവെച്ചു.

വേണ്ടെങ്കിൽ വേണ്ട പച്ചക്കറികൾ കിട്ടാനില്ല. മറ്റ് സ്ഥലങ്ങളിൽ നിന്നാണ് ഞാൻ പച്ചക്കറികൾ വാങ്ങി വരുന്നത്. മണിയണ്ണൻ തന്റെ അഭിപ്രായം പറഞ്ഞു.

“മണിയണ്ണന്റെ സങ്കടം ഞങ്ങൾക്കറിയാം. വെറുതെ പറഞ്ഞു എന്ന് മാത്രം. എന്തെല്ലാം പച്ചക്കറികളാണ് വണ്ടിയിലുള്ളത്?”

4 th_Malayalam_Term 1_1.indd 26 7/19/2019 5:31:24 PM

എന്താ വേണ്ടത് ? മത്തൻ, പാവയ്ക്ക,വാഴക്ക, കത്തിരിക്ക,പടവലം, ചേന, ചീരവർഗ്ഗങ്ങളായ പെരുഞ്ചീര, ചെറു ചീര, കുപ്പച്ചീര, ചെഞ്ചീര, മധുരച്ചീര, ഉപ്പുച്ചീര കൂടാതെ മുരിങ്ങച്ചീരയും ഉണ്ട്.

ഇതുകേട്ട് മുന്നി അത്ഭുതത്തോടെ ചോദിച്ചു.

എന്തോരം ചീരയാ....?അല്ലേ അമ്മേ?

"ചീരവർഗ്ഗത്തിൽ തന്നെ 46 ൽ പരമുണ്ട്. ഇതിൽ ജീവകം എ, ജീവകം സി, ജീവകം കെ എന്നിവയും ഇരുമ്പുസത്തും ധാരാളമുണ്ട്". ഇവ കൂടുതലും ഭക്ഷണമായും, ഔഷധമായും ഉപയോഗിക്കുന്നു.

"അമ്മേ നമുക്കിന്ന് ചീര വാങ്ങാം". മുന്നി കൊഞ്ചി.

ശരി ശരി നമുക്കിന്ന് മുരിങ്ങചീര വാങ്ങാം.

"അമ്മേ നമുക്കിനി വീട്ടിൽതന്നെ പച്ചക്കറിത്തോട്ടം നിർമിക്കാം. അമ്മയും എന്നെ സഹായിക്കണം".

നല്ല ആശയം മോളേ

മണിയണ്ണൻ അവളെ പ്രോത്സാഹിപ്പിച്ചു. പച്ചക്കറി വണ്ടിയുംതള്ളി വിളിച്ചു കൂവി.

പച്ചക്കറി വേണോ... പച്ചക്കറി.

4 th_Malayalam_Term 1_1.indd 27 7/19/2019 5:31:26 PM

അഭ്യാസം

ഉത്തരം കണ്ടെത്താം.

പച്ചക്കറികൾ	ചീര വർഗ്ഗങ്ങൾ

ചിന്തിക്കുക

പച്ചക്കറികൾക്ക് വില കൂടാൻ കാരണമെന്ത്?

ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ ശ്രമിക്കുക?

നെല്ലിനങ്ങൾ പലവിധം

ആര്യൻ, പൊന്നാര്യൻ, തവളക്കണ്ണൻ, ചിത്തേനി, ചെമ്പാവ്, മുണ്ടകൻ, കറുത്ത മോടൻ,ചുവന്ന മോടൻ, നവര, വെള്ളരി... 200 ൽ പരം നെല്ലിനങ്ങളുണ്ട്.

ചിന്തിക്കാം

മഴ വേണ്ട, വെള്ളം വേണം.
കൃഷി വേണ്ട, ചോറു വേണം

4 th_Malayalam_Term 1_1.indd 28 7/19/2019 5:31:26 PM

മലയാള
വിദ്യാലയത്തിൽ ഇന്ന് വിളവെടുപ്പ്.

കുട്ടികൾ നട്ടുനനച്ച പച്ചക്കറിത്തോട്ടത്തിൽ ഇന്ന് വിളവെടുപ്പ്. അത് സ്കൂളിന്റെ ഉത്സവമായി മാറി. മത്തനും, പാവലും, പടവലവും നേന്ത്രക്കായും ... കുട്ടികൾക്കൊക്കെ എന്തു ഉത്സാഹമാണെന്നോ. വിദ്യാലയം സെക്രട്ടറി വേലായുധൻ വിളവെടുപ്പിന് നേതൃത്വം നൽകി.

- കൃഷിക്കാരോട് അവരുടെ സങ്കടങ്ങൾ ചോദിച്ചറിയുക?
- കൃഷിരീതികളെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കാം.
- വിത്തുകൾ ശേഖരിച്ച് ചെറിയ കൃഷിത്തോട്ടം നിർമ്മിക്കാൻ ശ്രമിക്കുക.
- ഞാനും ഒരു കർഷകനെന്ന് അഭിമാനിക്കുക.

ചീര കൃഷി

വിസ്മയ, ചീരകൃഷി ചെയ്യാൻ തീരുമാനിച്ചു. തടമെടുത്തു. വിത്തുപാകി, മുളപ്പിച്ചു. ചീരതൈകൾ പറിച്ചുനടാൻ പാകമായി. നിലം കിളച്ചൊരുക്കി. ചാണകം വളമായി ചേർത്ത് മണ്ണിളക്കി നിരപ്പാക്കി. അതിനുശേഷം മൂന്ന് ചുവട് അകലത്തിൽ ചെറിയ ചാലുകീറി. അതിൽ മുളപ്പിച്ചെടുത്ത തൈകൾ രണ്ട് ചുവട് അകലത്തിൽ നട്ടു. ദിവസവും വെള്ളമൊഴിച്ചു. വളർന്നുനിൽക്കുന്ന ചീര ചെടികൾ കാറ്റിലാടി. ഹായ്... എന്തു ഭംഗി;

4 th_Malayalam_Term 1_1.indd 29 7/19/2019 5:31:26 PM

ഒരു തൈ വയ്ക്കൂ

ഉണ്ണിക്കൈ കൊണ്ടൊരു തൈ വയ്ക്കൂ,
കുഞ്ഞിനോടൊത്തിതു വളരട്ടെ,
കയ്യുകൾ നീട്ടി ച്ചില്ലകളാട്ടി,
പ്പയ്യെ വളർന്നു വിളങ്ങട്ടെ.
പൂവും, മണവും തേനും, പഴവും
വായുവുമേകും മരമല്ലോ.
തണലും കുളിരും മഴയും മണ്ണി
ന്നുയിരും നൽകും മരമല്ലോ.
ഉണ്ണിക്കൈ കൊണ്ടൊരു തൈ വയ്ക്കൂ
കുഞ്ഞിനോടൊത്തിതു വളരട്ടെ
അമ്മയ്ക്കൊപ്പം നമ്മെക്കാക്കും,
വന്മരമായിതു വളരട്ടെ.

ഔഷധസസ്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക

1.
2.
3.
4.
5.

4 th_Malayalam_Term 1_1.indd 30 7/19/2019 5:31:27 PM

കഥ 6

ശസ്ത്രപരീക്ഷ



പുരാണപ്രസിദ്ധമായ കുരുവംശത്തിലെ രണ്ടു രാജാക്കന്മാരായിരുന്നു ധൃതരാഷ്ട്രരും, പാണ്ഡുവും. അവർ ജ്യേഷ്ഠാനുജന്മാരായിരുന്നു. ധൃതരാഷ്ട്രർക്ക് 100 പുത്രന്മാർ അവർ കൗരവന്മാർ എന്നറിയപ്പെട്ടു. പാണ്ഡുവിന് അഞ്ചു പുത്രന്മാർ അവർ പാണ്ഡവന്മാർ എന്നറിയപ്പെട്ടു. പാണ്ഡവന്മാരിൽ മൂത്തയാൾ ധർമ്മപുത്രർ. (യുധിഷ്ഠിരർ) എന്നും പറയും. കൗരവരും പാണ്ഡവരും ഒരുമിച്ചു വളർന്നു. ഒരുമിച്ചു പഠിച്ചു. ദ്രോണാചാര്യർ ആയിരുന്നു അവരുടെ ഗുരു.

ഒരിക്കൽ ദ്രോണാചാര്യർ ശിഷ്യന്മാർക്ക് ഒരു പരീക്ഷ നിശ്ചയിച്ചു. ആയുധ വിദ്യയിൽ അവർക്കുള്ള സാമർത്ഥ്യം ഒന്ന് പരീക്ഷിക്കണം. ഉയരം കൂടിയ ഒരു വൃക്ഷത്തിന്റെ മുകളിൽ ഒരു കൃത്രിമ പക്ഷിയെ ഉണ്ടാക്കി വെച്ചു. ഇലകൾക്കിടയിലൂടെ സൂക്ഷിച്ചുനോക്കിയാൽ മാത്രം ആ പക്ഷിയെ കാണാം. അതിന്റെ തല അസ്ത്രമെയ്ത് മുറിക്കണം. ഇതായിരുന്നു പരീക്ഷ.

ആചാര്യൻ ശിഷ്യരെ ഓരോരുത്തരെയായി വിളിച്ചു. ധർമ്മപുത്രരെയാണ് ആദ്യം വിളിച്ചത്.അദ്ദേഹം വിനീതനായി ഗുരുവിനെ വന്ദിച്ചു. അമ്പുംവില്ലും കയ്യിലെടുത്തു. അപ്പോൾ ഗുരു ചോദിച്ചു. നീ കിളിയെ കാണുന്നുണ്ടോ? ഉവ്വ് ഗുരോ. കിളിയെ മാത്രമേ കാണുന്നുള്ളോ? വീണ്ടും ചോദ്യം അല്ല ഞാൻ അങ്ങയെയും സഹോദരന്മാരെയും കാണുന്നുണ്ട്. ധർമപുത്രർ പറഞ്ഞു അതു കൊള്ളാം അസ്ത്രം അയക്കാൻ വരട്ടെ. മാറിനിൽക്ക് ഗുരു പറഞ്ഞു.

4 th_Malayalam_Term 1_1.indd 31 7/19/2019 5:31:27 PM

അടുത്ത ഊഴം ദുര്യോധനന്റെതായിരുന്നു. അദ്ദേഹം അമ്പും വില്ലും എടുത്തു. ഉന്നം നോക്കി. ആചാര്യൻ ചോദിച്ചു.നീ എന്തെല്ലാം കാണുന്നു? സുയോധൻ പറഞ്ഞു.ഗുരോ ഞാൻ അങ്ങയെ കാണുന്നുണ്ട്. എന്റെ സഹോദരന്മാരെയും മരത്തെയും അതിലുള്ള പക്ഷിയെയും കാണുന്നുണ്ട്. നീയും മാറി നിൽക്ക് ഗുരുവിന്റെ കല്പന.

അടുത്തത് ഭീമൻ.സ്വതേ അഹങ്കാരിയയ അദ്ദേഹം വില്ലും, ശരവും കയ്യിലെടുത്തു. ലക്ഷ്യം നോക്കി.ഗുരു ചോദ്യം ആവർത്തിച്ചു. ഭീമൻ പറഞ്ഞു ഗുരോ ഞാൻ അങ്ങയെ കാണുന്നു. എന്റെ സഹോദരന്മാരെയും ഇലകൾക്കിടയിൽ അങ്ങ് ഒളിപ്പിച്ചു വച്ചിരിക്കുന്ന കിളിയെയും കാണുന്നു.എന്റെ ശത്രുവായ ദുര്യോധനനെയും ഞാൻ കാണുന്നുണ്ട്.നീയും മാറി നിൽക്ക് ഗുരു പറഞ്ഞു. അടുത്തതായി ആചാര്യൻ അർജ്ജുനനെ വിളിച്ചു. അർജുനൻ വന്നു. ഗുരുവിനെ വന്ദിച്ചു.അമ്പും വില്ലും എടുത്തു. ഉന്നം നോക്കി .അപ്പോൾ ദ്രോണർ ചോദിച്ചു. അർജുനാ നീ കിളിയെ കാണുന്നുണ്ടോ? ഇല്ല ഗുരോ അതിന്റെ കഴുത്ത് മാത്രമേ ഞാൻ കാണുന്നുള്ളൂ. നിന്റെ സഹോദരന്മാരെ കാണുന്നില്ലേ? ഇല്ല ഗുരോ, ശരി അസ്ത്രം പ്രയോഗിക്കൂ. ഗുരു പറഞ്ഞു. അർജുൻ അമ്പെയ്തു. കിളിയുടെ കഴുത്ത് മുറിഞ്ഞ് തല താഴെ വീണു. എല്ലാവരും സന്തോഷിച്ചു.

ഗുരു അർജുനനെ അഭിനന്ദിച്ച് അനുഗ്രഹിച്ചുകൊണ്ട് എല്ലാവരോടുമായി പറഞ്ഞു. വില്ലാളിയുടെ ശ്രദ്ധ മുഴുവൻ അവന്റെ ലക്ഷ്യത്തിൽ മാത്രമായിരിക്കണം. ലക്ഷ്യം കണ്ടെത്താൻ കഴിയാത്തവന് ഒരിക്കലും വിജയിക്കാൻ കഴിയുകയില്ല. ജീവിതവിജയം നേടാനും ആദ്യമായി വേണ്ടത് ലക്ഷ്യബോധവും ഏകാഗ്രതയുമാണ്.

അഭ്യാസം

I. പദപരിചയം.

സുയോധനൻ	പുരാണം	ധൃതരാഷ്ട്രർ	പാണ്ഡു
വിനീതൻ	ഊഴം	വില്ലാളി	ലക്ഷ്യബോധം

II. അർത്ഥം പഠിക്കാം.

1. അസ്ത്രവിദ്യ – അമ്പും വില്ലും പ്രയോഗിക്കാനുള്ള കഴിവ്.
2. സാദരം – ആദരപൂർവ്വം.

4 th_Malayalam_Term 1_1.indd 32 7/19/2019 5:31:27 PM

3. നിശബ്ദൻ - ശബ്ദിക്കാത്തവൻ

4. ഏകാഗ്രത - ഒരേ കാര്യത്തിൽ മനസ്സിനെ ഉറപ്പിച്ചു നിർത്തൽ.

5. ആചാര്യൻ - ഗുരു

6. കൽപ്പിക്കുക - ആജ്ഞാപിക്കുക.

7. സഹർഷം - സന്തോഷത്തോടെ, സന്തോഷപൂർവ്വം.

III. ഉത്തരമെഴുതുക.

1. പാണ്ഡവർ എത്ര പേർ ആരെല്ലാം?

2. ആരുടെ അസ്ത്രമാണ് പക്ഷിയുടെ കഴുത്ത് കുറിച്ചത്?

3. കൗരവരുടെയും പാണ്ഡവരുടെയും ഗുരു ആരായിരുന്നു?

4. ദുര്യോധനന്റെ മറ്റൊരു പേരെന്താണ്?

5. പഠനം വിജയിക്കാൻ വേണ്ടത് എന്തൊക്കെ?

IV. സമാന പദങ്ങൾ കണ്ടെത്തുക.

1. ഉദ്യാനം - _____

2. ആചാര്യൻ - _____

3. കൊമ്പ് - _____

4. പക്ഷി - _____

5. അമ്പ് - _____

6. ആകാശം - _____

7. സന്തോഷം - _____

(വിഗ്രഹം, ശാഖ, അസ്ത്രം, അംബരം, ഗുരു, ആമോദം, തോട്ടം)

4 th_Malayalam_Term 1_1.indd 33 7/19/2019 5:31:27 PM

V. ചേർത്തെഴുതുക.

1.	**കെട്ടി**	**+**	**തൂക്കി**	**=**	**കെട്ടിത്തൂക്കി**
2.	കുട്ടി	+	കാലം	=	_____
3.	കൊത്തി	+	പറിച്ചു	=	_____
4.	കൃത്രിമ	+	പക്ഷി	=	_____
5.	കുറ്റി	+	കാട്	=	_____

VI. പിരിച്ചെഴുതുക

1.	**സാദരം**	**=**	**സ + ആദരം**
2.	സാഭിമാനം	=	___ + _____
3.	സവിനയം	=	___ + _____
4.	സഹർഷം	=	___ + _____

VII. വിപരീത പദം

1.	സാധാരണം	×	അസാധാരണം
2.	കൃത്രിമം	×	അകൃത്രിമം
3.	ലക്ഷ്യം	×	അലക്ഷ്യം
4.	സന്തോഷം	×	സന്താപം
5.	വിജയം	×	പരാജയം
6.	ശത്രു	×	മിത്രം
7.	ശ്രദ്ധ	×	അശ്രദ്ധ

4 th_Malayalam_Term 1_1.indd 34 7/19/2019 5:31:27 PM

VIII. ഒറ്റപ്പദമാക്കുക

1.	**കൃത്രിമമായ പക്ഷി**	**=**	**കൃത്രിമപ്പക്ഷി**
2.	ദ്രോണർ എന്ന ആചാര്യൻ	=	_____
3.	അസ്ത്രം കൊണ്ടുള്ള വിദ്യ	=	_____
4.	അഭിമാനത്തോടുകൂടി	=	_____
5.	സന്തോഷത്തോടുകൂടി	=	_____
6.	വാത്സല്യത്തോടെ കൂടി	=	_____

IX. യോജിപ്പിക്കുക.

1.	ദ്രോണർ പാണ്ഡവരെ	-	മരക്കൊമ്പിൽ കെട്ടിത്തൂക്കിയിരുന്നു.
2.	ഗുരു സന്തോഷത്തോടെ	-	തികഞ്ഞ ശ്രദ്ധ വേണം
3.	ദ്രോണർ കൃത്രിമപക്ഷിയെ	-	തോട്ടത്തിലേക്ക് കൊണ്ടുപോയി
4.	പഠനം വിജയിക്കാൻ	-	അർജുനനെ നോക്കിനിന്നു.

X. പൂരിപ്പിക്കുക.

1. ധൃതരാഷ്ട്രരുടെ നൂറു പുത്രന്മാരെ _____ എന്ന് വിളിക്കുന്നു.
2. പാണ്ഡുവിന്റെ അഞ്ചു പുത്രന്മാരെ _____ എന്ന് വിളിക്കുന്നു.
3. കൗരവരുടെയും പാണ്ഡവരുടെയും ഗുരു _____ ആണ്.
4. പരീക്ഷയിൽ ജയിച്ചത് _____ ആണ്.
5. ജീവിത വിജയം നേടാൻ _____ ആവശ്യമാണ്.

XI. യോജിച്ച അക്ഷരമെഴുതുക.

1. അ___ങ്കാരി (ഹ, ഖ)
2. ആയു___ (ധം, തം)
3. നി___യം (ശ്ച, ച്ച)
4. സഹോ___രൻ (ദ, ധ)
5. അ___മാനം (ഭി, പി)

4 th_Malayalam_Term 1_1.indd 35 7/19/2019 5:31:27 PM

ഭാഗം 3 വിതച്ചതേ കൊയ്യൂ.

പഠന ലക്ഷ്യങ്ങൾ

- സാമൂഹിക നവീകരണപ്രക്രീയ എന്ന നിലയിൽ ഭാഷയെ സമൂഹവുമായി ബന്ധിപ്പിക്കൽ.
- പരിശ്രമം വിജയത്തിലേക്കുള്ള പാത എന്ന യാഥാർത്ഥ്യം മനസ്സിലാക്കൽ.

പാഠഭാഗങ്ങൾ

കവിത : ഞങ്ങളുടെ മുത്തശ്ശി

ഗദ്യം : പരിശ്രമം ചെയ്യുകിലെന്തിനേയും.

കഥ : അറിവും മുറിവും

4 th_Malayalam_Term 1_1.indd 36 7/19/2019 5:31:29 PM

കവിത 7

ഞങ്ങളുടെ മുത്തശ്ശി

വയലാർ രാമവർമ്മ

നിങ്ങൾക്കുള്ളതുപോലെൻ നാട്ടിൽ
ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി!
കഥ പറയാറുണ്ടന്തിക്കോരോ
കവിതകൾ മാനത്തുലയുമ്പോൾ
വെള്ളരിയുടെ മലർമൊട്ടുകൾ മഞ്ഞ -
പ്പുള്ളികൾ കുത്തിയ പാടത്തിൽ
നീലക്കറുകക, ളണിമുക്കുറ്റികൾ
ചേല വിരിച്ച വരമ്പിൻമേൽ,
കൂടും ഞങ്ങൾ മുത്തശ്ശിയുമായ്
കൂലിക്കാരുടെ കഥപറയാൻ!
ദൂരെക്കായലിൽ മുങ്ങിത്തപ്പി
ചേറിൻ പാളികൾ കുത്തിപ്പൊക്കി.
വയലിനു ചുറ്റും കോട്ട വളക്കും

4 th_Malayalam_Term 1_1.indd 37 7/19/2019 5:31:29 PM

കരിമലയന്മാർ പോകുമ്പോൾ
ആകെ വിയർത്തു, തളർന്നും, പട്ടിണി
പാകി വളർത്താൻ പണി ചെയ്തും
തോളത്തോരോ തൂമ്പയുമായ്, ത്തൊഴി -
ലാളികളാവഴി പോകുമ്പോൾ
പറയാറുണ്ടാ, ത്യാഗത്തിൻ കഥ
പതിവായ് പതിവായ് മുത്തശ്ശി!



I. പദപരിചയം.

മുത്തശ്ശി	വെള്ളരി	പാടം	നീലക്കുറുക
മുക്കുറ്റികൾ	ത്യാഗം	കരിമലയന്മാർ	

II. സമാനപദം

1. അന്തി - സന്ധ്യ
2. മുത്തശ്ശി - വയസ്സായ സ്ത്രീ
3. പാടം - വയൽ
4. ചേറ് - ചെളി
5. പട്ടിണി - ദാരിദ്ര്യം
6. തൂമ്പ - മൺവെട്ടി
7. ത്യാഗം - സഹനം

4 th_Malayalam_Term 1_1.indd 38 7/19/2019 5:31:29 PM

III. യോജിപ്പിക്കുക

1. ഞങ്ങൾക്കുണ്ടൊരു - കഥ പറയാൻ
2. കവിതകൾ - മാനത്തുലയുമ്പോൾ
3. ചേല വിരിച്ച - തൂമ്പയുമായ്
4. കൂലിക്കാരുടെ - മുത്തശ്ശി
5. തോളത്തോരോ - വരമ്പിൻമേൽ

IV. ഉത്തരമെഴുതാം.

1. പട്ടിണി പാകി വളർത്താൻ കൃഷിക്കാർ എങ്ങനെയാണ് പണിയെടുത്തത്?
2. മുത്തശ്ശിയുമായ് കൂടുന്നത് എന്തിനാണ്?
3. മുത്തശ്ശി പതിവായ് പറയുന്നതെന്താണ്?
4. തൊഴിലാളികളുടെ പ്രശ്നങ്ങളെ ആരായുക?

V. പാഠം ഒന്ന് ആൻറണിയുടെ കൃഷി തോട്ടം

പാഠപുസ്തകത്തിലെ മനോഹരമായ കാർഷിക പാഠങ്ങൾ കണ്ടറിയാൻ മലയാള വിദ്യാലയത്തിലെ നാലും, അഞ്ചും ക്ലാസിലെ വിദ്യാർത്ഥികൾ ആൻറണിയുടെ കൃഷി തോട്ടത്തിലേക്ക്...അവിടെയെത്തിയ കുട്ടികൾ കണ്ടത് സ്വപ്നതുല്യമായ കാഴ്ചകളും അറിവുകളുമാണ്. 70 കുട്ടികൾ അടങ്ങുന്ന ഒരു സംഘമാണ് കൃഷിയെ നേരിട്ടറിയാൻ എത്തിയത്.

കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്നതും മഴ ദുർലഭ്യം എങ്ങനെ ഉണ്ടാക്കുന്നതുമായിരുന്നു പ്രധാന സംശയം. ഒപ്പം മണ്ണിനെ കോൾമയിർ കൊള്ളിച്ച ഹരിതഭംഗിയുടെ രഹസ്യവും സംശയങ്ങളായി. മണ്ണിനെ മറന്നതാണ് മനുഷ്യന്റെ ദുരന്തകാരണം എന്നാണ് ആൻറണിയുടെ മറുപടി.ഇത്തിരി മണ്ണിലും എങ്ങനെ കൃഷി ചെയ്യാം എന്നതായിരുന്നുകുട്ടികൾക്ക് ലഭിച്ച മികച്ച പാഠം. തന്റെ തിരക്കുകൾക്കിടയിലും കൃഷിയായിരുന്നു പ്രധാന പ്രവർത്തി.

4 th_Malayalam_Term 1_1.indd 39 7/19/2019 5:31:30 PM

തന്റെ ഭൂമിയിൽ കിളച്ചും വിതച്ചും വിഷമയമില്ലാത്ത ഭക്ഷണം കണ്ടെത്തുന്നതും അതിന്റെ വിപണനവും കുട്ടികൾക്കും, അധ്യാപകർക്കും അത്ഭുതമായി മാറി. കുട്ടികൾ പാഠപുസ്തകങ്ങളിൽ കാണുന്ന ചിത്രങ്ങൾ നേരിൽ കാണാൻ അവസരം ഉണ്ടാക്കുക എന്നതായിരുന്നു യാത്രയുടെ ലക്ഷ്യമെന്നും അധ്യാപകർ പറഞ്ഞു. പുസ്തകത്തിനപ്പുറം ജീവിതാനുഭവത്തിൽ നിന്നുള്ള അറിവുകളാണെന്നതിനാൽ ഇത് നേരിട്ടറിയാൻ മണ്ണിനെയും പച്ചപ്പിനെയും സ്നേഹിക്കുന്ന നിരവധി പേർ ഇവിടെയെത്തുന്നുണ്ട്. ഇവിടെ അധ്വാനത്തിന്റെ കാഴ്ചകൾ മാത്രമല്ല. വരുംതലമുറയ്ക്കായി ജീവശ്വാസം ബാക്കി വെക്കാനുള്ള ഒരു കർഷകന്റെ നിരന്തര പരിശ്രമം കൂടി കാണാം.

4 th_Malayalam_Term 1_1.indd 40 7/19/2019 5:31:30 PM

പാടി രസിക്കാം

“കരിയില കരിച്ച തടത്തില്
കക്കരി നട്ടു ബാപ്പൂട്ടി
മുള പൊങ്ങി കക്കരിവള്ളി
വെണ്ണീർ വിതറി ബാപ്പുട്ടി
പാറിനടപ്പൂ ബാപ്പൂട്ടി
പന്തൽ നിറയും കക്കരി വള്ളി
പടർന്നു കേറി പൂവിട്ടു.
പച്ചടി വെക്കാൻ കക്കരിക്ക
പറിച്ചെടുത്തു ബാപ്പുട്ടി
അങ്ങേ വീട്ടിലുമിങ്ങേ വീട്ടിലും
കൊണ്ടുകൊടുത്തു ബാപ്പുട്ടി
മൂത്തു മുരച്ചൊരു കക്കരിക്ക
വിത്തിനു വച്ചു ബാപ്പുട്ടി”.

4 th_Malayalam_Term 1_1.indd 41 7/19/2019 5:31:31 PM

ഗദ്യം 8 പരിശ്രമം ചെയ്യുകിലെന്തിനേയും

- ഡോ. എ.പി. ജെ അബ്ദുൽ കലാം



പലപ്പോഴും ജീവിത സാഹചര്യങ്ങൾ നമുക്ക് മറികടക്കാനാവാത്തവയായിരിക്കും. അപ്പോൾ നമുക്ക് ചെയ്യാനുള്ളത് അതങ്ങു വിട്ടുകളയുകയാണ്. എന്റെ ജീവിതത്തിലും വേണ്ടുവോളം ഉയർച്ചതാഴ്ചകളുണ്ടായിട്ടുണ്ട്. എന്നാൽ തരണം ചെയ്യാനാവാത്ത വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഞാൻ ഓർക്കുന്നുള്ളൂ.

1970 ൽ സതീശ് ധവനാനും ബ്രഹ്മപ്രകാശും എന്നെ വിളിച്ചു. ഐ. എസ് ആർ. ഒ.യുടെ ചെയർമാനായിരുന്നു ധവാൻ. അദ്ദേഹം പറഞ്ഞു "വളരെ പ്രധാനപ്പെട്ട ഒരു പദ്ധതി നിങ്ങളെ ഏൽപ്പിക്കാൻ പോവുകയാണ് നിങ്ങളായിരിക്കും. എസ് എൽ വി 3 എന്ന പദ്ധതിയുടെ ഡയറക്ടർ. അതിനാവശ്യമായ പണം നിങ്ങൾക്ക് തരും പദ്ധതി ഏഴുകൊല്ലം കൊണ്ട് പൂർത്തിയാക്കണം.ആവശ്യമായ ആളുകളെ നിങ്ങൾക്ക് ഈ സ്ഥാപനത്തിൽ നിന്ന് അതായത് അതിന്റെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കും. നമ്മളെല്ലാവരും ഒരു ടീമായി പ്രവർത്തിക്കും. ഞാൻ നിങ്ങൾക്കായിരിക്കും പദ്ധതി സംബന്ധിച്ചുള്ള വിവരങ്ങൾ തരുക". ഞാനതു കേട്ട് അതിശയിച്ചുപോയി! ഒരുപാട് തലമുതിർന്ന ശാസ്ത്രജ്ഞന്മാർ ഉണ്ടായിട്ടും എന്നെയാണല്ലോ അദ്ദേഹം ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്.

4 th_Malayalam_Term 1_1.indd 42 7/19/2019 5:31:31 PM

അമ്പരപ്പോടെ ഞാൻ ചോദിച്ചു. "എങ്ങനെ ഞാൻ ഈ പദ്ധതി ചെയ്യേണ്ടത്". അപ്പോൾ സതീശ്ധവാൻ എനിക്കു നൽകിയ ഉപദേശം ഞാൻ സദം ഓർമിക്കാറുണ്ട്. "കലാം, ഒരാൾ പരിശ്രമങ്ങളിൽ ഏർപ്പെടുന്നില്ലെന്ന് വയ്ക്കുക. എങ്കിൽ അയാൾ തന്റെ മാളത്തിൽ തന്നെ കഴിഞ്ഞുകൂടുകയായിരിക്കും. ഞാനൊരു ചുമതല ഏറ്റെടുക്കുമ്പോൾ പ്രശ്നങ്ങളുണ്ടാവും.നിങ്ങൾ ആ പ്രശ്നത്തെ സ്വന്തം പിടിയിലൊതുക്കണം. അതിനെതോൽപിക്കണം. അങ്ങനെയാണ് വിജയം കൈവരിക്കേണ്ടത്".

ഏഴു കൊല്ലത്തിനു ശേഷം 1979 ആഗസ്റ്റിൽ ഉപഗ്രഹ വിക്ഷേപണത്തിന്റെ സമയം വന്നു.ഞങ്ങളെല്ലാവരും ശ്രീഹരിക്കോട്ടയിലുണ്ട്. അവസാന ഘട്ടത്തിൽ ഓട്ടോ പൈലറ്റ് മോഡിലേക്ക് നോക്കിയപ്പോൾ കമ്പ്യൂട്ടറിന്റെ മുന്നറിയിപ്പ് വിക്ഷേപണം തുടരരുതെന്ന്. ഞാൻ മറ്റുള്ള വിദഗ്ധരോടന്വേഷിച്ചു. അവർ പറഞ്ഞു. പേടിക്കേണ്ട വിക്ഷേപണം നടത്തിക്കൊള്ളൂ. പദ്ധതിയുടെ ഡയറക്ടർ എന്ന നിലയിലുള്ള ഉത്തരവാദിത്വത്തോടെ ഞാൻ കമ്പ്യൂട്ടറിനെ മറികടന്നു കൈകൊണ്ടു പ്രവർത്തിപ്പിച്ച് വിക്ഷേപണമാരംഭിച്ചു. വിക്ഷേപണ പരാജയപ്പെടുകയും ഉപഗ്രഹ വാഹനം ബംഗാൾ ഉൾക്കടലിൽ പതിക്കുകയും ചെയ്തു. ഇരുപതു കോടി ബംഗാൾഉൾക്കടലിൽ തള്ളാൻ എനിക്കെങ്ങനെ സാധിച്ചു എന്നായിരുന്നു പത്രക്കാരുടെ ചോദ്യം.

ഈ പരാജയത്തിൽനിന്ന് വീണ്ടും ഉയർത്തെഴുന്നേൽക്കാൻ എനിക്ക് സഹായകമായത് സതീശ്ധവാന്റെ ഉപദേശങ്ങളും എന്റെ കുടുംബം എന്നിലങ്കുരപ്പിച്ച ആത്മീയമായ കരുത്തുമാണ്. ദുരന്തത്തെക്കുറിച്ചു ചിന്തിച്ച് വിഷണ്ണരായി കഴിക്കുന്നതിനുപകരം, വളരെ വസ്തുനിഷ്ഠമായരീതിയിൽ പരാജയത്തിന്റെ മൂലകാരണം എന്താണെന്ന് വിശകലനം ചെയ്യാൻ ഞങ്ങൾ ഞങ്ങളുടെ ഊർജ്ജമത്രയും വിനിയോഗിച്ചു. പരാജയത്തെക്കുറിച്ച് അന്വേഷിക്കാനുള്ള സംഘത്തിന്റെ ചെയർമാൻ എം. ആർ കുറുപ്പ് മെംബർസെക്രട്ടറി ജി. മാധവൻനായരുമാ

4 th_Malayalam_Term 1_1.indd 43 7/19/2019 5:31:31 PM

യിരുന്നു. അവർ 125 ശാസ്ത്രജ്ഞന്മാരുമായും ഉദ്യോഗസ്ഥരുമായും സൂക്ഷ്മം സംസാരിക്കുകയും 200 ലധികം രേഖകൾ വിലയിരുത്തുകയും ചെയ്തു. ഒടുവിൽ കുഴപ്പം എയർകണ്ടീഷനിങ് പ്ലാൻറിന്റെതാണെന്ന് മനസ്സിലായി. വിക്ഷേപണത്തിന് മുമ്പുള്ള സമയത്ത് കൺട്രോൾ പവർപ്ലാന്റിന്റെ വാൽവിൽ പൊടി കടന്നിരുന്നു. തന്മൂലം അത് ശരിയായി പ്രവർത്തിക്കാതായി. ഈ സംഭവത്തിനു ശേഷം എല്ലാ ഉപകരണങ്ങളുടെയും ഗുണനിലവാരം കർശനമായി പരിശോധിക്കണമെന്ന് ഞങ്ങൾ ഉറപ്പു വരുത്തി.

സാങ്കേതികപ്രശ്നങ്ങൾ കണ്ടെത്താൻ മാത്രമല്ല ഞങ്ങൾക്ക് സാധിച്ചത്. ശാസ്ത്രജ്ഞരുടെ മനോവീര്യം ഉയർത്താനും സാധിച്ചു. അടുത്ത ഒരു കൊല്ലത്തിനുള്ളിൽതന്നെ രണ്ടാമത്തെ വിക്ഷേപണം നടത്താൻ അതെന്നെ പ്രാപ്തനാക്കി. ആ ഉദ്യമത്തിൽ ഞാൻ വിജയിക്കുകയും ചെയ്തു.

ഡോ.എ.പി.ജെ അബ്ദുൽ കലാം, 1931-ൽ തമിഴ്നാട്ടിലെ രാമേശ്വരത്താണ് ജനിച്ചത്. പ്രമുഖ ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനായ ഇദ്ദേഹം 2002 മുതൽ 2007 വരെ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്നു.ശുഭപ്രതീക്ഷയുള്ള ഒരു പരിശ്രമശാലി എന്ന നിലയിൽ മറ്റുള്ളവർക്ക് പ്രചോദനം നൽകുന്ന തരത്തിൽ, എഴുതുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു. 'ഭാരതരത്നം ബഹുമതി' ലഭിച്ചിട്ടുണ്ട്. 'അഗ്നിച്ചിറകുകൾ' പ്രധാന കൃതിയാണ്.

4 th_Malayalam_Term 1_1.indd 44 7/19/2019 5:31:32 PM



I. പദപരിചയം.

വസ്തുനിഷ്ഠമായ	പദ്ധതി	ഡയറക്ടർ	സ്ഥാപനം
ശാസ്ത്രജ്ഞൻ	ഉപദേശം	ഉപഗ്രഹം	വിക്ഷേപണം
ശ്രീഹരിക്കോട്ട	ഓട്ടോ പൈലറ്റ്	കമ്പ്യൂട്ടർ	ഉത്തരവാദിത്വം
ബംഗാൾ ഉൾക്കടൽ	പരാജയം	ചെയർമാൻ	മനോവീര്യം

II. പിരിച്ചെഴുതുക

1. ചെയ്യാനാകാത്ത = _____ + _____
2. അതിനാവശ്യമായ = _____ + _____
3. പൂർത്തിയാക്കും = _____ + _____
4. കണ്ടെത്താൻ = _____ + _____
5. കരുത്താണ് = _____ + _____

III. വിപരീതപദം എഴുതുക

1. ഉയർച്ച × _____
2. ആവശ്യം × _____
3. ജയം × _____
4. ചോദ്യം × _____
5. സൂക്ഷ്മം × _____

4 th_Malayalam_Term 1_1.indd 45 7/19/2019 5:31:32 PM

IV. പൂരിപ്പിക്കുക

1. എന്റെ ജീവിതത്തിലും വേണ്ടുവോളം _____ ഉണ്ടായിട്ടുണ്ട്.
2. ഒരുപാട് _____ ശാസ്ത്രജ്ഞരുണ്ടായിരുന്നു.
3. പരിശ്രമം ഇല്ലാത്തവർ തന്റെ _____ തന്നെ കഴിഞ്ഞു കൂടേണ്ടി വരും.
4. ഉപഗ്രഹ വാഹനം _____ പതിക്കുകയും ചെയ്തു.
5. _____ യുടെ ഞാൻ ചെയർമാനായിരുന്നു സതീഷ്ധവാൻ.

V. ഉത്തരമെഴുതുക.

1. ജീവിതസാഹചര്യങ്ങളെ മറികടക്കാൻ എന്താണ് ചെയ്യേണ്ടത്?
2. ചെയർമാൻ അബ്ദുൽ കലാമിനെ വിളിച്ച് എന്താണ് പറഞ്ഞത്?
3. എങ്ങനെയാണ് വിജയം കൈവരിക്കേണ്ടത്?
4. 1979 ൽ ആരംഭിച്ച വിക്ഷേപണത്തിന് സംഭവിച്ചതെന്ത്?
5. പരാജയത്തിൽ നിന്ന് വീണ്ടും ഉയർത്തെഴുന്നേൽക്കാൻ കലാമിന് സഹായകമായതെന്ത് ?

VI. നിനക്കും ശാസ്ത്രജ്ഞനാകാം

ശാസ്ത്രഗ്രന്ഥങ്ങൾ ധാരാളം വായിക്കുക

ശാസ്ത്രജ്ഞനാകാനുള്ള ആഗ്രഹത്തെ വളർത്തിക്കൊണ്ടുവരുക

അബ്ദുൽകലാമിന്റെ അഗ്നിച്ചിറകുകൾ വായിക്കുക.

4 th_Malayalam_Term 1_1.indd 46 7/19/2019 5:31:32 PM

കഥ 9 അറിവും മുറിവും

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ആഹികൻ എന്നൊരു കുട്ടി ഉണ്ടായിരുന്നു.നന്നായി പഠിച്ച് വലിയൊരു പണ്ഡിതനാകണമെന്നായിരുന്നു അവന്റെ ആഗ്രഹം. ഗ്രാമത്തിൽ മഹാജ്ഞാനിയായ ഒരു ഗുരുവുണ്ട്. പക്ഷേ ഒരു പ്രശ്നം ചെല്ലുന്നവരെ മുഴുവൻ അദ്ദേഹം ശിഷ്യന്മാരാക്കുകയില്ല. ചില പരീക്ഷകളിൽ വിജയിക്കുന്നവരെ മാത്രമേ അദ്ദേഹം ശിഷ്യന്മാരായി സ്വീകരിക്കൂ!

ഒരു ദിവസം ആഹികൻ ഗുരുവിന്റെ അടുത്തെത്തി തന്റെ ആഗ്രഹം അറിയിച്ചു. അപ്പോൾ ഗുരു ചോദിച്ചു 'നിന്റെ കൈപ്പത്തി കാണിക്കൂ..... അതിൽ വിദ്യാരേഖ ഉണ്ടോയെന്ന് നോക്കട്ടെ!' ആഹികൻ തന്റെ കൈപ്പത്തി ഗുരുവിന് നേരെ നീട്ടി. അതിൽ ശ്രദ്ധിച്ചു നോക്കിയിട്ട് ഗുരു പറഞ്ഞു. :"കഷ്ടം! നിന്റെ കൈവെള്ളയിൽ വിദ്യാരേഖ കാണുന്നില്ല. നിനക്ക് പോകാം"!

ആഹികനുണ്ടായ സങ്കടം പറയാനുണ്ടോ? അവൻ നിരാശയോടെ തിരിച്ചു പോയി. ദിവസങ്ങൾ കഴിഞ്ഞു അപ്പോഴാണ് ആഹികന് ഒരു സൂത്രം തോന്നിയത്. വിദ്യാരേഖ കൈവെള്ളയിൽ ഇല്ലാത്തതുകൊണ്ടല്ലേ ഗുരു തന്നെ ഉപേക്ഷിച്ചത്. എങ്കിൽ പിന്നെ ഒരു വിദ്യാരേഖ ഉണ്ടാക്കുക തന്നെ!

4 th_Malayalam_Term 1_1.indd 47 7/19/2019 5:31:32 PM

അവൻ മൂർച്ചയുള്ള ഒരു എഴുത്താണി എടുത്ത് തന്റെ കൈവെള്ളയിൽ തലങ്ങും വിലങ്ങും കുറെ മുറിവുകളുണ്ടാക്കി. കഠിനമായ വേദന മുഴുവൻ ആഹികൻ സഹിച്ചു. കുറച്ചു കാലം കഴിഞ്ഞപ്പോൾ ആ മുറിവുകളെല്ലാം ഉണങ്ങി. ആസ്ഥാനത്ത് കുറെ നീളൻ പാടുകൾ മാത്രം അവശേഷിച്ചു.വൈകാതെ ആഹികൻ വീണ്ടും ഗുരുവിനെ ചെന്ന് കണ്ടു.

ഇത്തവണ അവന്റെ കൈ വെള്ള പരിശോധിച്ചശേഷം ഗുരു പറഞ്ഞു. "ശരി, ഇന്നുമുതൽ നിന്നെ ഞാൻ ശിഷ്യനായി സ്വീകരിച്ചിരിക്കുന്നു!".

ആഹികനു സന്തോഷമായി. പക്ഷെ അവന്റെ മനസ്സിൽ ഒരു കുറ്റബോധം അപ്പോഴും അവശേഷിച്ചു. അതവൻ ഗുരുവിനോട് പറയുകയും ചെയ്തു. "ഗുരോ, എന്റെ കൈവെള്ളയിലെ ഈ വിദ്യാരേഖ ശരിക്കും ഉള്ളതല്ല. അങ്ങയുടെ ശിഷ്യത്വം സ്വീകരിക്കാൻ വേണ്ടി ഞാൻ കൃത്രിമമായി ഉണ്ടാക്കിയതാണ്. എന്നോട് ക്ഷമിച്ചാലും!"

അപ്പോൾ ഒരു മന്ദഹാസത്തോടെ ഗുരു പറഞ്ഞു. "അക്കാര്യം എനിക്ക് നേരത്തെ അറിയാമായിരുന്നു. നിന്റെ കയ്യിൽ വിദ്യാരേഖയില്ലായെന്ന് അന്ന് ഞാൻ പറഞ്ഞത് ഒരു നുണയായിരുന്നു. നിന്നെ പരീക്ഷിക്കാൻ വേണ്ടിയാണ് അന്നു ഞാൻ അങ്ങനെ പറഞ്ഞത്".

ഒന്ന് നിർത്തിയിട്ട് ഗുരു തുടർന്നു; "വിദ്യ സമ്പാദിക്കാൻ വേണ്ടി എത്ര കഠിനമായ വേദന സഹിക്കാനും ഒരുക്കമാണെന്ന് നീ തെളിയിച്ചു.അത്തരം ശിഷ്യന്മാരെയാണ് എനിക്കാവശ്യം!"

ഗുരുവിന്റെ പരീക്ഷണത്തിൽ വിജയിച്ച അവൻ പിൽക്കാലത്ത് തന്റെ പാണ്ഡിത്യം കൊണ്ട് ലോകപ്രശസ്തനായി. സംസ്കൃത ഭാഷയുടെ വ്യാകരണം ചിട്ടപ്പെടുത്തിയ പണ്ഡിതനായിരുന്നു ആ ശിഷ്യൻ!

അഭ്യാസം

I. പദപരിചയം.

പണ്ഡിതൻ	പരീക്ഷ	ആഗ്രഹം	വിദ്യാരേഖ
കൈപ്പത്തി	കൈവെള്ള	കുറ്റബോധം	മന്ദഹാസം
സംസ്കൃതം	പരീക്ഷണം	പ്രശസ്തി	

4 th_Malayalam_Term 1_1.indd 48 7/19/2019 5:31:33 PM

II. പിരിച്ചെഴുതുക

1. അടുത്തെത്തി = _____ + _____
2. എങ്കിൽപ്പിന്നെ = _____ + _____
3. മൂർച്ചയുള്ള = _____ + _____
4. ഉണ്ടാക്കിയതാണ് = _____ + _____

III. വിപരീതപദംകുക

1. ഗുരു × _____
2. വിജയം × _____
3. ജ്ഞാനി × _____
4. ശ്രദ്ധ × _____

IV. യോജിച്ച ഉത്തരം ബ്രാക്കറ്റിൽ നിന്നെടുത്തെഴുതുക

1. നന്നായി പഠിച്ച് _____ ആളാകണം.
2. പണ്ഡിതനായ ഒരു _____ ഉണ്ടായിരുന്നു.
3. തന്റെ _____ ഗുരുവിനെ അറിയിച്ചു.
4. നിന്റെ _____ വിദ്യാരേഖ കാണുന്നില്ല.
5. നല്ല മൂർച്ചയുള്ള ഒരു _____ എടുത്തു.

(എഴുത്താണി, കൈപ്പത്തിയിൽ, വലിയൊരു, ഗുരു, ആഗ്രഹം).

ഗുരുവും ശിഷ്യനും

അധ്യാപകൻ : മോഹൻ, നീ എന്നും വൈകിയാണല്ലോ ക്ലാസ്സിലെത്തുന്നത്.

(മോഹൻ ഒന്നും മിണ്ടുന്നില്ല)

അധ്യാപകൻ : പല പ്രാവശ്യം നിന്നോട് പറഞ്ഞിട്ടുള്ളതല്ലേ? വൈകരുതെന്ന്.

മറ്റു കുട്ടികൾ : സർ, അവൻ പട്ടം പറത്താൻ പോകും.

4 th_Malayalam_Term 1_1.indd 49 7/19/2019 5:31:33 PM

അധ്യാപകൻ : ശരിയാണോ, അവർ പറയുന്നത്?

മോഹൻ : ഇല്ല സർ, പട്ടം പറത്തുന്നത് അപകടമാണെന്ന് സാർ പറഞ്ഞിട്ടുള്ളതല്ലേ?

അധ്യാപകൻ : പിന്നെ എന്താണ് വൈകാൻ കാരണം?

മോഹൻ : അത്... പിന്നെ...

അധ്യാപകൻ : വടി എടുത്തു കൊണ്ട് പറഞ്ഞു.

അധ്യാപകൻ : കൈ നീട്ട്

അവൻ മടിച്ചുമടിച്ച് കൈനീട്ടി. അവന്റെ കൈപ്പത്തി കണ്ടതും അധ്യാപകൻ ഞെട്ടിപ്പോയി. കുഞ്ഞു കൈവെള്ളയിൽ നീലിച്ച പാടുകൾ.

അധ്യാപകൻ : മോഹൻ ഇതെന്താണ്? പട്ടം പറപ്പിച്ചതാണോ?

മോഹൻ : ഇല്ല സാർ...!

അധ്യാപകൻ : പിന്നെ എന്താണിത്?

മോഹൻ : സർ, എന്നോട് ക്ഷമിക്കണം. സ്കൂളിൽ വരും മുമ്പേ അമ്മയോടൊപ്പം കരിങ്കല്ല് പൊട്ടിക്കാൻ പോകും. ഒരു ദിവസം ഒരു വട്ടി ചല്ലി പൊട്ടിച്ചാൽ അമ്പതു രൂപ കിട്ടും. അമ്മ കിടപ്പിലായതിനാൽ എന്നും ഞാനാണ് പോകാറ്. പഠിച്ച് വലിയൊരാളാകണം, എന്നിട്ട് അമ്മയെയും, പെങ്ങളെയും സംരക്ഷിക്കണം സാർ, അതാണ് എന്റെ ആഗ്രഹം. അധ്യാപകന്റെ കണ്ണുകൾ നിറഞ്ഞു. അവനെ മാറോട് ചേർത്ത് തലോടിക്കൊണ്ട് പറഞ്ഞു.

അധ്യാപകൻ : നിന്നിൽ എനിക്ക് അഭിമാനം തോന്നുന്നു. ഈ ചെറിയ പ്രായത്തിൽ നീ കാണിക്കുന്ന ആത്മാർത്ഥതയും, കർമബോധവും, നിന്നെ ഉയർച്ചയിലേക്ക് നയിക്കും. നിന്റെ ആഗ്രഹം സഫലമാകട്ടെ. നീ നന്നായി നാടൻ പാട്ട് പാടാറുണ്ടല്ലോ, ഞാൻ നിന്നെ സഹായിക്കാം. മോഹൻ ഇനിമുതൽ പാറമടയിൽ പോകേണ്ട. നിന്റെ കൂട്ടുകാർ നിന്നെ സഹായിക്കും. നിന്റെ സങ്കടങ്ങൾ ഞങ്ങളുടേതുമാണ്... ശരിയല്ലേ കൂട്ടുകാരെ?

കുട്ടികൾ : മോഹൻ ഞങ്ങളിൽ ഒരാളാണ്.

(മോഹന്റെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു).

4 th_Malayalam_Term 1_1.indd 50 7/19/2019 5:31:33 PM

ഭാഗം 4 സാമൂഹ്യപാഠം

പഠന ലക്ഷ്യങ്ങൾ

- അറിവ്, ചിന്ത, ഭാവന, ഭാഷ എന്നിവ പോഷിപ്പിക്കപ്പെടാനുള്ള സ്ഥാനം വിദ്യാലയമാണെന്ന് തിരിച്ചറിയൽ.
- സഹജീവികളോടും, പ്രകൃതിയോടും, കാരുണ്യം, ദയ, സ്നേഹം, എന്നീ ഭാവങ്ങൾ വളർത്തിയെടുക്കൽ.
- ദേശീയപതാകയെ ബഹുമാനിക്കൽ, രാജ്യസ്നേഹം വളർത്തിയെടുക്കൽ.

പാഠഭാഗങ്ങൾ

കവിത : സ്കൂളിലേക്ക്

ഗദ്യം : ദേശീയപതാക.

കഥ : രാധയുടെ ആട്ടിൻകുട്ടി.

4 th_Malayalam_Term 1_1.indd 51 7/19/2019 5:31:34 PM

കവിത 10 സ്കൂളിലേക്ക്

വി. എം. ഗിരിജ

:

കുരുന്നു കാറ്റേ, നിന്നോടൊപ്പം
ചിരിച്ചു തുള്ളി വരട്ടെ ഞാൻ
വിളിക്കയണെൻ സ്കൂളിൽ മുറ്റ -
ത്തരളികൾ, പ്ലാവുകൾ, പൂങ്കാവും.
തനിച്ചു പോകാൻ മടി വേണ്ടൊപ്പം
കുതിച്ചുവരുമീക്കിരണങ്ങൾ.
ഓരോ പൂവിലുമോരോ മൊട്ടിലു
മൊരു കാലൂന്നും തുമ്പികളും.
ഉടുപ്പു കീശയിലുണ്ടേ പെൻസിലു -
മുപ്പു തിരുമ്മിയ പുളിമാങ്ങേ.

4 th_Malayalam_Term 1_1.indd 52 7/19/2019 5:31:36 PM

ഇടയ്ക്കു നക്കീട്ടെടുത്തു വെച്ചൊരു
തവിട്ടുനിറമാ മിഠായി.
എനിക്ക് കാണാം ബോർഡിൽ ടീച്ചർ
വച്ചതെല്ലാം മറയാതെ
അതെന്റെ സ്ലേറ്റിൽ വെള്ളത്തുണ്ടാൽ
മായ്ച്ചു വരയ്ക്കണമതിവേഗം.
തിരിച്ചു പോകും വഴിയിലുമെൻ കാ
ലുറക്കുകില്ലാ – കാറ്റോളം.
വെളിച്ചമോളം തുള്ളുകയാണത്
പടിക്കലുണ്ടാമെന്നമ്മ!
വേഷ്ടിത്തുമ്പു പറന്നും ചിരിയാൽ
കരി പറ്റിയ കവിൾ മിന്നിച്ചും
“എന്താണമ്മൂ ഇന്നു പഠിച്ചത്?
എന്നെ കേൾപ്പിക്കില്ലേ നീ”
കാപ്പി കുടിക്കാനില്ലാ നേരം
കാത്തുനിൽക്കുകയാണെന്നോ
ആട്ടിൻകുട്ടി കണക്കേത്തുള്ളീ-
ട്ടാമ്പൽക്കുളവും മീനുകളും.

4 th_Malayalam_Term 1_1.indd 53 7/19/2019 5:31:40 PM



I. പദപരിചയം.

കിരണങ്ങൾ　　തുമ്പി　　വേഷ്ടി

പൂങ്കാവ്　　ആമ്പൽക്കുളം

II. ചേർത്തെഴുതുക

1. പൂ + കാവ് = _____.
2. വേഷ്ടി + തുമ്പ് = _____.
3. വരുമീ + കിരണങ്ങൾ = _____.
4. ആമ്പൽ + കുളം = _____.

III. പിരിച്ചെഴുതുക

1. നിൽക്കുകയാണ് = നിൽക്കുക + ആണ്

2. കുടിക്കാനില്ല = _____ + _____.
3. നിന്നോടൊപ്പം = _____ + _____.
4. തുള്ളുകയാണ് = _____ + _____.
5. വരച്ചതെല്ലാം = _____ + _____.

IV. സമാന പദങ്ങൾ

1. അതിവേഗം - വളരെ വേഗം.
2. മിന്നിച്ചും - തെളിയിച്ചും.
3. കിരണങ്ങൾ - രശ്മികൾ.
4. നേരം - സമയം.

4 th_Malayalam_Term 1_1.indd 54　　7/19/2019 5:31:40 PM

V. പദസൂര്യൻ പ്രകാശിപ്പിക്കാം

VI. ഉത്തരം പറയാം എഴുതാം

1. സ്കൂളിന്റെ മുറ്റത്ത് നിൽക്കുന്ന മരങ്ങൾ ചെടികൾ എന്തൊക്കെ.?
2. ഉടുപ്പ് കീശയിൽ ഏതൊക്കെയാണ് ഉള്ളത്?
3. നുണച്ചിട്ട് എടുത്തു വെച്ച മിഠായിയുടെ നിറമെന്താണ്?
4. അമ്മ എന്താണ് അമ്മുവിനോട് ചോദിച്ചത്?
5. കാപ്പി കുടിക്കാൻ നേരമില്ലാത്തത് എന്തുകൊണ്ടാണ്?

4 th_Malayalam_Term 1_1.indd 55 7/19/2019 5:31:40 PM

VII. പൂരിപ്പിച്ചു നോക്കാം

1. കുരുന്നു കാറ്റേ നിന്നോടൊപ്പം _____ തുള്ളി വരട്ടെ ഞാൻ
2. ഓരോ പൂവിലുമോരോ മൊട്ടിലുമൊരു കാലൂന്നും _____
3. ഇടയ്ക്കു നക്കീട്ടെടുത്തു വെച്ചൊരു _____ നിറമാ മിഠായി

VIII. പുതിയ പദങ്ങൾ കണ്ടെത്താം

1. **പലവക - പല, വക, കവല, കല, പലക, പക**
2. കലവറ -
3. തരിവള -

IX. മാതൃകപോലെ കൂട്ടുകാർക്കെഴുതാം

1. **മരം - മരങ്ങൾ**
2. വിദ്യാലയം -
3. പൂവ് -
4. മാങ്ങ -
5. തുമ്പി -
6. പ്ലവ് -
7. **അമ്മ - അമ്മമാർ**
8. അധ്യാപിക -
9. പുരുഷൻ -
10. സഹോദരൻ -

4 th_Malayalam_Term 1_1.indd 56 7/19/2019 5:31:40 PM

X. എതിർലിംഗമെഴുതുക

1. സഹോദരൻ × _____
2. അമ്മ × _____
3. വൃദ്ധ × _____
4. യുവതി × _____
5. പെൺകുട്ടി × _____
6. അധ്യാപിക × _____

XI. പദങ്ങൾ ക്രമീകരിച്ച് വാക്യം നിർമ്മിക്കാം

1. ഞാൻ / കുരുന്നു കാറ്റേ/ വരട്ടേ / ചിരിച്ചു തുള്ളി / നിന്നോടൊപ്പം.
2. ഓരോ പൂവിലും / കാലൂന്നും / ഓരോമൊട്ടിലും / തുമ്പികളും
3. മീനുകളും / ആട്ടിൻ കുട്ടികണക്കെ / ട്ടാമ്പൽ ക്കുളവും/ത്തുള്ളി.
4. ഇന്നു പഠിച്ചത് / കേൾപ്പിക്കില്ലേ / എന്നെ / നീ / എന്താണമ്മൂ.

XII. പാടി രസിക്കാം

അടിപിടി
ആരും കൂടില്ല
ഇടി കൂടില്ല
ഈ ക്ലാസ്സിൽ
ഉടുതുണിയിൽ ചളി
തേക്കില്ല.
ഊറ്റം കാട്ടി നടക്കില്ല.
എഴുതീ ബുക്കിൽ ഏത്തക്ക.
ഐഷക്കു കുഞ്ഞും ശരി തന്നെ
ഒന്നു മുതൽക്കേ എണ്ണങ്ങൾ.

4 th_Malayalam_Term 1_1.indd 57 7/19/2019 5:31:40 PM

ഓരോന്നെഴുതി വണ്ണത്തിൽ.
ഔട്ടെന്നെഴുതി ഇംഗ്ലീഷിൽ.
അപ്പോൾ മണിയടി കേൾക്കായി.
ആഹാ! ആഹാ! ഈ വീട്ടിൽ.
പോകാം ബസ്സിൽ
പോം.... പോം.... പോം....!

വിദ്യാലയത്തിന്റെ ചിത്രം വരച്ച് നിറം കൊടുക്കുക

4 th_Malayalam_Term 1_1.indd 58 7/19/2019 5:31:40 PM

ഗദ്യം 11 ദേശീയ പതാക

ഏത് രാജ്യത്തിന്റെയും പ്രധാനപ്പെട്ട ദേശീയ ചിഹ്നമാണ് പതാക. ഓരോ രാജ്യത്തിനും പ്രത്യേകം പതാകയുണ്ട്. നമ്മുടെ പതാക പരിശോധിക്കാം.എന്താണതിന്റെ ആകൃതി. സാധാരണ പുസ്തകങ്ങളുടെ ആകൃതി തന്നെ. ദീർഘചതുരം.ഈ ദീർഘചതുരാകൃതി പല അളവിലാകാം.നമ്മുടെ പതാകക്ക് സ്വീകരിച്ചിട്ടുള്ളത് നീളത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വീതി എന്ന അളവാണ്. നീളം മൂന്നു മീറ്ററായാൽ വീതി രണ്ടുമീറ്റർ എന്നർത്ഥം. നമ്മുടെ പതാകയുടെ ആകൃതി എത്ര മനോഹരമാണ്.

കുറുകെ മൂന്നു തുല്യഭാഗങ്ങളായി ഭാരതപതാകയെ വിഭജിച്ചിരിക്കുന്നു. ഓരോ ഭാഗത്തിനും പ്രത്യേകം നിറമാണുള്ളത്. മുകളിൽ കുങ്കുമനിറം, നടുവിൽ വെള്ള, കീഴ്ഭാഗത്ത് പച്ച. പതാകയുടെ ഒത്തനടുവിലായി വെള്ളനിറത്തിനുള്ളിൽ കാണുന്നത് അശോകചക്രമാണ്. അതിന്റെ വർണ്ണം നീലയാണ്. അശോകചക്രത്തിനു ഇരുപത്തിനാലു ആരക്കാലുണ്ട്.

ഭാരതപതാകയ്ക്ക് ഈ നിറങ്ങളും ചിഹ്നങ്ങളും സ്വീകരിച്ചതിന് പ്രത്യേകം ഉദ്ദേശമുണ്ട്. കാവിനിറം ധീരതയുടെയും, ത്യാഗത്തിന്റെയും പ്രതീകമാണ് വെള്ളനിറം. സത്യത്തെയും, പരിശുദ്ധിയെയും അർത്ഥമാക്കുന്നു. പച്ചനിറം

4 th_Malayalam_Term 1_1.indd 59 7/19/2019 5:31:42 PM

ഹരിതാഭമായ ഭാരതഭൂമിയുടെ പൈതൃകത്തെയും ഐശ്വര്യത്തെയും സൂചിപ്പിക്കുന്നു. മഹാനായ അശോകചക്രവർത്തി സാരാനാഥ് എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള സ്തംഭത്തിന്റെ മകുടത്തിൽ കൊടുത്തിട്ടുള്ളതാണ് അശോകചക്രം. ബുദ്ധമതാനുയായി ആയ അശോകന്റെ ആദർശങ്ങൾ ധർമ്മം, സത്യം, അഹിംസ എന്നിവയായിരുന്നു. ആ ആദർശങ്ങളുടെ ചിഹ്നമാണ് അശോകസ്തംഭം. ഇത് സത്യവും ധർമ്മവും മുൻ നിറുത്തി മാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്നാണ് അശോകചക്രം സൂചിപ്പിക്കുന്നത്.

ദേശീയ പതാക ഉപയോഗിക്കുന്നതിന് ചില നിയമങ്ങളുണ്ട്. പതാക എല്ലാവർക്കും എപ്പോഴും ഉപയോഗിക്കാൻ പാടില്ല. നമ്മുടെ സംസ്ഥാനത്ത് ഗവർണർ, നിയമസഭാ സ്പീക്കർ, മന്ത്രിമാർ എന്നിവർക്ക് അവരുടെ ഔദ്യോഗികവസതികളിലും വാഹനങ്ങളിലും ദേശീയപതാക പറപ്പിക്കാം. ഹൈക്കോടതി, സെക്രട്ടറിയേറ്റ് മുതലായ പ്രധാനപ്പെട്ട ഗവൺമെൻറ് മന്ദിരങ്ങളുടെ മുകളിൽ ദേശീയപതാക നാട്ടാവുന്നതാണ്. സ്വാതന്ത്ര്യദിനം തുടങ്ങിയ ദേശീയാഘോഷദിനങ്ങളിൽ പതാക എല്ലാ പൗരന്മാർക്കും ഉപയോഗിക്കാം.

അത്യന്തം ശ്രദ്ധയോടും വിനയത്തോടുംകൂടി നിർവ്വഹിക്കേണ്ട ഒരു കൃത്യമാണ് പതാക ഉയർത്തൽ. പതാക കയ്യിലെടുക്കുമ്പോൾ അതിന്റെ ഒരു ഭാഗവും തറയിൽ കിടന്നിഴയുവാൻ ഇടയാകരുത്. കുങ്കുമവർണം മുകളിൽ വരത്തക്കവിധത്തിൽ വേണം പതാക ധ്വജാഗ്രത്തിൽ എത്തിക്കുവാൻ. സൂര്യാസ്തമയത്തിന് മുമ്പായി ഇറക്കേണ്ടതുമാണ്.

ആഘോഷാവസരങ്ങളിൽ സൈനികരീതിയിൽ മാർച്ച് ചെയ്യുമ്പോൾ വലതുവശത്ത് നിൽക്കുന്ന ആളാണ് പതാക പിടിക്കേണ്ടത്. എപ്പോഴും അയാളുടെ വലതുവശത്തായിരിക്കുകയും വേണം.

ദുഃഖം ആചരിക്കേണ്ടി വരുമ്പോൾ പതാക കൊടിമരത്തിന്റെ പകുതി വരെ ഇറക്കി കെട്ടണം എന്നാണ് നിയമം.എന്നാൽ കൊടിമരത്തിന്റെ അഗ്രം വരെ ഉയർത്തിയതിനുശേഷം മാത്രമേ അങ്ങനെ താഴ്ത്താവൂ. അതുപോലെ വൈകുന്നേരം ഇറക്കുമ്പോഴും മുഴുവൻ ഉയർത്തിയതിനുശേഷം വേണം താഴ്ത്തിക്കൊണ്ടുവരാൻ.

ഈ നിയമങ്ങൾ നാം അറിയുകയും അനുസരിക്കുകയും വേണം. ഒരിക്കൽ പതാക ഉയർത്തിക്കൊണ്ട് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെയ്ത പ്രസംഗത്തിൽ നാം പതാകയെ ഏതുവിധത്തിൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്ന് വ്യക്തമാക്കുകയുണ്ടായി. രാജ്യസ്നേഹവും, ആത്മാഭിമാനവും ഓരോ ഇന്ത്യക്കാരനും ദേശീയപതാകയെ ഹൃദയപൂർവ്വം സ്നേഹിക്കണം, ബഹുമാനിക്കുകയും, അമൂല്യ സമ്പത്തായി സൂക്ഷിക്കുകയും, മരണത്തെപോലും അവഗണിച്ച് അതിന്റെ അന്തസ്സ് സംരക്ഷിക്കുകയും വേണം.

4 th_Malayalam_Term 1_1.indd 60 7/19/2019 5:31:42 PM

അഭ്യാസം

I. പദപരിചയം

ചിഹ്നം	അവഗണിക്കുക	ധ്വജാഗ്രം	ആഘോഷം	വ്യക്തം
അമൂല്യം	അർത്ഥം	സന്നദ്ധത	സ്വാതന്ത്ര്യം	അസ്തമയം
അസ്തമയം	ഹൃദയം	ദുഃഖം	സ്വീകരിക്കുക	ഐശ്വര്യം
രാഷ്ട്രീയം	സംരക്ഷിക്കുക			

II.ചേർത്തെഴുതുക

1. ഇറക്കി + കെട്ടുക = _____
2. താഴ്ത്തി + കൊണ്ടുവരിക = _____
3. വ്യക്തം + ആക്കുക = _____
4. എന്താണ് + ഇതിന്റെ = _____

III.സമാന പദങ്ങൾ കണ്ടെത്തുക

1. കൊടി - _____
2. അടയാളം - _____
3. തൂണ് - _____
4. ഏറ്റവും - _____
5. വീട് - _____

4 th_Malayalam_Term 1_1.indd 61 7/19/2019 5:31:42 PM

IV. ഉത്തരമെഴുതുക

1. ദേശീയ പതാകയിൽ എത്ര നിറമുണ്ട്? ഏതെല്ലാം?
2. ദേശീയ പതാകയിലെ നിറങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?
3. അശോകചക്രം നമ്മെ എന്താണ് ഓർമ്മിപ്പിക്കുന്നത്?
4. പതാകയുടെ ഒരു ചിത്രം വരച്ച് നിറം നൽകുക?

V. പൂരിപ്പിക്കുക

1. ഏതൊരു രാജ്യത്തിന്റെയും പ്രധാന ചിഹ്നമാണ് _____.
2. അശോക ചക്രത്തിൽ _____ ആരക്കാലുകൾ ഉണ്ട്.
3. _____ മുമ്പായി പതാക താഴ്ത്തേണ്ടതാണ്.
4. ഇന്ത്യയു പ്രഥമ പ്രധാനമന്ത്രി _____ ആണ്.
5. ഓരോ ഇന്ത്യക്കാരനും ദേശീയപതാകയെ _____ സ്നേഹിക്കണം.

4 th_Malayalam_Term 1_1.indd 62 7/19/2019 5:31:42 PM

കഥ 12 രാധയുടെ ആട്ടിൻകുട്ടി

രാധയും അവളുടെ അച്ഛനും ബസ്സ് കാത്തു നിന്നു. രാധ ആട്ടിൻകുട്ടിയെ കയ്യിൽ അടുക്കിപ്പിടിച്ചു.ചായക്കടയിലെ വെളിച്ചം ആട്ടിൻ കുട്ടിയുടെ ശരീരത്തിൽ പതിച്ചുകൊണ്ടിരുന്നു.

ഗ്രാമത്തിലേക്ക് വരുന്ന ആദ്യത്തെ ബസ്സ് ചായക്കടക്കരികിൽ വന്നു നിന്നു.ആട്ടിൻകുട്ടിയെയുമെടുത്ത് ബസ്സിൽ യാത്രചെയ്യുന്നതിനെക്കുറിച്ചോർത്ത് രാധയ്ക്ക് വളരെ സന്തോഷം തോന്നി.

ബസ്സ് 'പാം ... പാം' എന്ന ശബ്ദമുണ്ടാക്കി.ആട്ടിൻകുട്ടിയും 'മേ...മേ' എന്നു കരഞ്ഞു.

"മണീ, പേടിക്കേണ്ട നമ്മൾ വണ്ടിയിൽ കയറി യാത്ര ചെയ്യുകയാണ്" രാധ പറഞ്ഞു.

അവർ ബസ്സിനടുത്തെത്തി.

"ആരാ അത്? ആട്ടിൻകുട്ടിയെ വണ്ടിയിൽ കയറ്റുകയാണോ? ഇറങ്ങ് ഇറങ്ങ്" കണ്ടക്ടർ ശബ്ദമുണ്ടാക്കി.

4 th_Malayalam_Term 1_1.indd 63 7/19/2019 5:31:42 PM

“സാർ, വണ്ടിയിൽ തിരക്കില്ലല്ലോ? ആട്ടിൻകുട്ടിയെ കേറ്റിക്കോട്ടേ”? അച്ഛൻ ചോദിച്ചു. “ശരി ശരി, ഡ്രൈവറോട് ചോദിച്ചുനോക്കൂ”. അച്ഛനെ തിരിഞ്ഞുനോക്കിയ ഡ്രൈവർ “ഉം കേറിക്കോളൂ” എന്നു പറഞ്ഞു. അവർ വണ്ടിയിൽ കയറി ബസ്സ് പുറപ്പെട്ടു.

വണ്ടിയുടെ കുലുക്കവും ശബ്ദവും കാരണം ഓണം ഭയന്ന് മേ ....മേ എന്നു കരഞ്ഞുകൊണ്ടിരുന്ന ആട്ടിൻകുട്ടി രാധയുടെ കയ്യിൽ നിന്നും കുതറിയോടാൻ ശ്രമിച്ചു. അടുത്തുവന്ന കണ്ടക്ടർ ആട്ടിൻകുട്ടിയുടെ തലയിൽ തഴുകികൊണ്ട് “എങ്ങോട്ടാണ് പോകേണ്ടത്”? എന്ന് ചോദിച്ചു.

“ചന്തയിലേക്ക്” രാധയുടെ അച്ഛൻ പറഞ്ഞു. രാധ ആട്ടിൻകുട്ടിയുടെ കഴുത്തിൽ കൈ ചുറ്റി അതിനെ തന്നോടണച്ചുപിടിച്ചു. അതിന്റെ മുഖം രാധയുടെ മുഖത്ത് ഉരസി.

“ആടിനെ എന്റെ കയ്യിൽ താ”. അച്ഛൻ പറഞ്ഞു.

“വേണ്ട അച്ഛാ! ഞാൻ തന്നെ പിടിച്ചു കൊള്ളാം”. ബസ്സ് ചന്തയിൽനിന്നു.

“അച്ഛാ! നമ്മൾ എന്തിനാണ് ചന്തയിൽ പോകുന്നത്”? “ആട്ടിൻകുട്ടിയെ

4 th_Malayalam_Term 1_1.indd 64 7/19/2019 5:31:43 PM

വിൽക്കാൻ". രാധ നടുങ്ങിപ്പോയി.

"വേണ്ട അച്ഛാ. ഞാൻ മണിയെ തരില്ല. മണിയെ എനിക്ക് വേണം" എന്ന് പറഞ്ഞു.

"ഉത്സവം വരുന്നു. പുതിയ വസ്ത്രങ്ങളെടുക്കണം. ചെലവിന് പണമില്ല. അതുകൊണ്ട് ഈ ആട്ടിൻകുട്ടിയെ വിൽക്കണം.

"വിൽക്കണ്ട അച്ഛാ! വരൂ നമുക്ക് വീട്ടിലേക്ക് പോകാം". രാധയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു.

ചന്തയിൽ ആട് വ്യാപാരം നടന്നുകൊണ്ടിരുന്ന സ്ഥലത്തേക്കു അവർ ചെന്നു. രാധയുടെ അച്ഛൻ ഒരു വ്യാപാരിയോട് ആടിനു വിലപറഞ്ഞുറപ്പിച്ചു.

"രാധേ, ആട്ടിൻകുട്ടിയെ താ ഇയാൾക്ക് കൊടുക്കണം". അച്ഛൻ പറഞ്ഞു.

"ഞാൻ തരില്ല, തരില്ല" കണ്ണീരൊഴുക്കിക്കൊണ്ട് രാധ കരഞ്ഞു തുടങ്ങി.

നിന്നെ കൂടെ കൊണ്ടുവന്നത് തെറ്റായിപ്പോയി എന്ന് പറഞ്ഞ് അച്ഛൻ ആട്ടിൻകുട്ടിയെ അവളിൽനിന്ന് തട്ടിപ്പറിച്ച് വ്യാപാരിയെ ഏൽപ്പിച്ചു. പണവും വാങ്ങി. ആട്ടിൻകുട്ടി പേടിച്ച് 'മേ..... മേ'..... എന്നു കരയാൻ തുടങ്ങി.

"രാധേ വാ പോകാം".

തിരിഞ്ഞു തിരിഞ്ഞ് തന്റെ ആട്ടിൻകുട്ടിയെ നോക്കിക്കൊണ്ട് രാധാ അച്ഛന്റെ പിന്നാലെ നടന്നു.

"അതാ നോക്ക് അവിടെ യന്ത്ര ഊഞ്ഞാൽ ചുറ്റുന്നു. കയറി നോക്കാം".

"നിനക്ക് മിഠായികൾ ഇഷ്ടമാണല്ലോ. വാങ്ങിത്തരാട്ടെ". രാധ ഒന്നും മിണ്ടിയില്ല.

"നിനക്ക് പുതിയ ഉടുപ്പുകൾ വാങ്ങിത്തരാം".

വേണ്ട അച്ഛാ! വീട്ടിലേക്ക് പോകാം.

രണ്ടുപേരും വീട്ടിലേക്ക് തിരിച്ചുപോന്നു. രാധ വീടിനകത്തേക്ക് പോകാതെ തിണ്ണയിൽത്തന്നെയിരുന്നു. ആട്ടിൻകുട്ടിയെ കെട്ടിയിരുന്ന തൂണിൽ കയർ മാത്രമാണുണ്ടായിരുന്നത്. അവൾ ആ കയറിലേക്ക് നോക്കി കൊണ്ടിരുന്നു.

എത്ര നേരം അങ്ങനെ നോക്കിയിരുന്നു എന്നറിഞ്ഞില്ല. 'മേ....മേ'... ആട്ടിൻകുട്ടിയുടെ ശബ്ദം കേട്ട് രാധ. ഉണർന്നു ചന്തയിൽ ആട്ടിൻകുട്ടിയെ വാങ്ങിയ വ്യാപാരി വീട്ടുമുറ്റത്ത് വന്നു നിൽക്കുന്നു.

"മോളേ ഇതാ നിന്റെ ആട്ടിൻകുട്ടി. ഇത് എന്റെ സമ്മാനമാണ്. നിനക്ക് ഇതിനോടുള്ള സ്നേഹം മനസ്സിലായി. ഇതിനെ നീ തന്നെ വെച്ചോ". എന്ന് പറഞ്ഞു. രാധ സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഓടിച്ചെന്നു മണിയെ കയ്യിൽ വാങ്ങി. തെരുതെരെ ഉമ്മ വെച്ചു.

4 th_Malayalam_Term 1_1.indd 65 7/19/2019 5:31:43 PM



I. പിരിച്ചെഴുതുക.

1. അടക്കിപ്പിടിച്ചു. = _____ + _____.
2. ശബ്ദമുണ്ടാക്കി = _____ + _____.
3. വസ്ത്രങ്ങളെടുക്കണം = _____ + _____.
4. പറഞ്ഞുറപ്പിച്ചു = _____ + _____.
5. തട്ടിപ്പറിച്ചു = _____ + _____.

II.അർത്ഥം എഴുതുക

1. ഭയം = _____
2. വ്യാപാരി = _____
3. അണച്ചു പിടിക്കുക = _____

III.ഉത്തരമെഴുതുക.

1. രാധയും അച്ഛനും ബസ്സ് കാത്തു നിന്നതെവിടെ?
2. രാധയും അച്ഛനും എവിടേക്കാണ് പോയത്?
3. ആട്ടിൻകുട്ടിയുടെ പേരെന്ത്?
4. രാധയുടെ അച്ഛൻ ആട്ടിൻകുട്ടിയെ വില്ക്കാൻ പറഞ്ഞ കാരണമെന്തായിരുന്നു.?
5. രാധ ചന്തയിൽ വെച്ച് തനിക്കൊന്നും വേണ്ട എന്നു പറയാൻ കാരണമെന്ത്?

4 th_Malayalam_Term 1_1.indd 66 7/19/2019 5:31:43 PM

IV.ത,താ, തി.....എന്ന ക്രമത്തിൽ എഴുതുക.

തേൻ, തോരണം, തീരം, തൂണ്, തിങ്കൾ, തെന്നൽ, തട്ട്, തൈര്, തൊടി, തുകിൽ, താമര, തംബുരു.

1		2	
3		4	
5		6	
7		8	
9		10	
11		12	

V.പദങ്ങൾ ക്രമത്തിലെഴുതി ശരിയായ വാക്യങ്ങൾ നിർമിക്കുക.

1. കുരച്ചുകൊണ്ട് / നായ / ഉറക്കെ / ഓടിയെത്തി
2. രാജാവാണ് / മൃഗങ്ങളുടെ / സിംഹം
3. കെട്ടിയ / ആനയെ / നെറ്റിപ്പട്ടം / എന്തൊരു / കാണാൻ / ചന്തമാണ്.
4. നമുക്ക് / പാൽ / തരുന്നു/ പശു

VI.മാതൃക അനുസരിച്ചു പുതിയ വാക്കുകൾ ഉണ്ടാക്കുക.

1. **ബഹുമാനം - ബഹുമാനപൂർവ്വം**
2. സ്നേഹം -
3. ബുദ്ധി -
4. വിനയം -
5. അഭിമാനം -

4 th_Malayalam_Term 1_1.indd 67 7/19/2019 5:31:43 PM

VII.പൂരിപ്പിച്ചെഴുതുക.

1. വെളി _____
2. _____വം
3. ഊ _____ൽ
4. വ്യാ _____രി
5. സ _____ഷം

VIII. ആര്? എന്ത്? ഏത്?

- രാധ ആട്ടിൻകുട്ടിയെ എടുത്തു.
- പക്ഷി കൂട് കൂട്ടി.
- കുരങ്ങൻ വാഴപ്പഴം തിന്നു.
- ഗോപാൽ കൂട നിർമ്മിച്ചു.
- ബാലൻ പടം വരച്ചു.
- കല ദോശ ചുട്ടു.
- റഹിം ഷർട്ട് തുന്നി.
- അച്ഛൻ പത്രം വായിച്ചു,
- രഘു പാവ വിറ്റു.
- ഗോപി മീൻപിടിച്ചു.

ചോദ്യങ്ങൾ

1 ഗോപാൽ ഉണ്ടാക്കിയതെന്ത്? _____
2. ബാലൻ എന്താണ് വരച്ചത്? _____
3. കല എന്ത് ചെയ്തു? _____
4. പാവ വിറ്റത് ആര്? _____
5. അച്ഛൻ എന്താണ് വായിച്ചത്? _____
6. ആരാണ് കൂട് കൂട്ടിയത് ? _____
7. ആട്ടിൻകുട്ടിയെ എടുത്തത് ആര്?

4 th_Malayalam_Term 1_1.indd 68 7/19/2019 5:31:43 PM

ഭാഗം 5 കൊന്നപ്പൂവും കവിതയും

പഠന ലക്ഷ്യങ്ങൾ

- പുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിവയിലൂടെ ജീവിതപാഠങ്ങൾ പഠിക്കൽ.
- വാത്സല്യം,വിശ്വാസം, പരസ്പര ബഹുമാനം ഇവയുടെ മഹത്വം മനസ്സിലാക്കൽ.
- ഭാഷാ, സാഹിത്യം, കല എന്നിവയിൽ താൽപര്യം ജനിപ്പിക്കൽ.

പാഠഭാഗങ്ങൾ

കവിത : അമ്മയോടൊപ്പം

ഗദ്യം : കുഞ്ഞുണ്ണിക്കവിതകൾ

കഥ : കൊന്നയും വിഷുവും.

4 th_Malayalam_Term 1_1.indd 69 7/19/2019 5:31:43 PM

കവിത 13

അമ്മയോടൊപ്പം

സുഗതകുമാരി

കണ്ടോ കണ്ണനെ? കണ്ണും ചുവന്നമ്മ
കാട്ടിൽ തേടി നടക്കുന്നു.
'കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ' കരി-
വണ്ടും തുമ്പിയും മൂളുന്നു.
'കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ' മലർ-
ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.
കണ്ടിട്ടേയില്ല ഞാനൊന്നു പേടമാൻ
കണ്ണും നീട്ടിത്തിരിയുന്നു.
കണ്ണനിക്കാട്ടിലേ വന്നില്ല! കൊച്ചു
കാളിന്ദിയോളങ്ങൾ തുള്ളുന്നു.

4 th_Malayalam_Term 1_1.indd 70 7/19/2019 5:31:44 PM

കഴലു കഴച്ചു വലഞ്ഞപ്പോളമ്മ

തിരിയെപ്പോവാൻ തുടങ്ങുന്നു.

കാടിൻ നീലിച്ച ഹൃദയത്തിൽ നിന്നപ്പോളൊ-

രോടക്കുഴൽ വിളി പൊങ്ങുന്നു!

കമ്പു കരം വിട്ടു വീഴുന്നു; മുഖം

പുഞ്ചിരികൊണ്ടു തിളങ്ങുന്നു!

കണ്ണും പൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ

പൊന്നോടക്കുഴൽ കേൾക്കുന്നു!...

4 th_Malayalam_Term 1_1.indd 71 7/19/2019 5:31:44 PM

അഭ്യാസം

I. പര്യായ പദമെഴുതുക.

1. കണ്ണ് - _____, _____, _____.
2. അമ്മ - _____, _____, _____.
3. മാൻ - _____, _____, _____.
4. വണ്ട് - _____, _____, _____.
5. കാട് - _____, _____, _____.
6. മുഖം - _____, _____, _____.
7. മലർ - _____, _____, _____.

II. മാതൃക പോലെ സമാന പദങ്ങൾ എഴുതുക

നടക്കുന്നു

മൂളുന്നു

_____, _____, _____,

_____, _____, _____,

_____, _____, _____,

III. പിരിച്ചെഴുതുക

1.	**കണ്ടില്ല**	**=**	**കണ്ടു**	**+**	**ഇല്ല**
2.	വന്നില്ല	=	_____	+	_____
3.	നിന്നില്ല	=	_____	+	_____
4.	ചെയ്തില്ല	=	_____	+	_____
5.	പോയില്ല	=	_____	+	_____

4 th_Malayalam_Term 1_1.indd 72 7/19/2019 5:31:44 PM

IV. ശരിയായ അക്ഷരങ്ങളെഴുതി പൂരിപ്പിക്കുക

1. പ്രയോ _____ ം (ഗ, ക)
2. അതി _____ (തി, ഥി)
3. നി _____ ണ്ടു (ഘ, ഗ)
4. അവ _____ (ധി, തി)
5. കവ _____ ത്രി (യ, യി)
7. അസ് _____ (തി, ഥി)
7. പ്ര _____ മം (ത, ഥ)
8. പ്രതിഷ് _____ (ഠ, ട)
9. കുടും _____ (ബം, പം)
10. അശ്വമേ _____ (തം, ധം)

V. വിപരീത പദം

1. പാപം × _____
2. ഉയരുക × _____
3. രക്ഷ × _____
4. ഇത്തിരി × _____
5. തുടക്കം × _____
6. മകൻ × _____

4 th_Malayalam_Term 1_1.indd 73 7/19/2019 5:31:44 PM

VI.ഉത്തരമെഴുതുക

1. കാട്ടിനുള്ളിൽ കണ്ണനെ തേടി നടക്കുന്നതാരാണ്?
2. കണ്ടില്ല ഞങ്ങൾ കണ്ടില്ല എന്ന് മൂളിയത് ആരൊക്കെയാണ്?
3. കണ്ണനെ കണ്ടിട്ടേയില്ല എന്ന് പറഞ്ഞത് ആരാണ്?
4. എന്തുകൊണ്ടാണ് അമ്മ തിരികെ പോകാൻ തുടങ്ങിയത്?
5. ഓടക്കുഴൽ വിളി എവിടെ നിന്നാണ് അമ്മ കേട്ടത്?

VII.യോജിപ്പിക്കുക

1.	കാട്ടിൽ തേടി	-	തിളങ്ങുന്നു.
2.	വണ്ടും തുമ്പിയും	-	നീട്ടി തിരയുന്നു.
3.	കണ്ണും	-	മൂളുന്നു.
4.	ഓടക്കുഴൽ വിളി	-	നടക്കുന്നു.
5.	പുഞ്ചിരി കൊണ്ട്	-	പൊങ്ങുന്നു.

4 th_Malayalam_Term 1_1.indd 74 7/19/2019 5:31:44 PM

ഗദ്യം 14 കുഞ്ഞുണ്ണിക്കവിതകൾ

മലയാളത്തിലെ പ്രിയങ്കരനായ കവി കുഞ്ഞുണ്ണി മാഷിനെക്കുറിച്ചും അദ്ദേഹത്തിന്റെ ഉണ്ണിക്കവിതകളെക്കുറിച്ചും കൂട്ടുകാരോട് പറയേണ്ടതില്ല. കുട്ടികൾക്കിടയിൽ അത്രമാത്രം സുപരിചിതനാണ് കുഞ്ഞുണ്ണി മാഷ്.

'കുഞ്ഞുണ്ണിമാഷും കുട്ട്യോളും' എന്ന പരിപാടിയിൽ കുട്ടികളുടെ മന സ്സറിഞ്ഞു. കവിത നീട്ടിപ്പാടിയിരുന്ന കുഞ്ഞുണ്ണിമാഷിനെ എങ്ങനെയാണ് നമുക്ക് മറക്കാൻ സാധിക്കുക.2006 മാർച്ച് 26 ന് ഈ ലോകത്തോട് വിട പറയും വരെ നമ്മുടെ കവി സദസ്സുകളിലെ ശ്രദ്ധാകേന്ദ്രമായിരുന്നു അദ്ദേഹവും അദ്ദേഹത്തിന്റെ ഉണ്ണിക്കവിതകളും.

ദീർഘമായ കവിതകൾ അദ്ദേഹം എഴുതിയിട്ടില്ല. എല്ലാം നുറുങ്ങുകവിതകൾ. രണ്ടോ നാലോ വരികൾ. ഉണ്ണിക്കവിതകൾ എന്നും വിളിക്കാം. എന്നാൽ വലിയൊരു ആശയലോകം അതിലുണ്ടുതാനും.

കുഞ്ഞുണ്ണി കുഞ്ഞുങ്ങളുടെ മാത്രം കവിയായിരുന്നില്ല. മുതിർന്നവരുടെയും കവി ആയിരുന്നു. ഒരേ കവിത തന്നെ മുതിർന്നവർക്കും കുട്ടികൾക്കും ആസ്വദിക്കാൻ കഴിഞ്ഞിരുന്നു. ഇതിലാണ് ഒരു കവിയുടെ മഹത്വമിരിക്കുന്നത്.

4 th_Malayalam_Term 1_1.indd 75 7/19/2019 5:31:45 PM

ഒരുഭാഗത്ത് കുട്ടിക്കവിത മറുഭാഗത്ത് ദാർശനികലോകം അതാണ് അദ്ദേഹത്തിന്റെ കവിതകളുടെ പ്രത്യേകത. കുട്ടിക്കവിതകളുടെ കിലുക്കാംപെട്ടിയുമായിട്ടാണ് അദ്ദേഹം സാഹിത്യലോകത്തേക്ക് കടന്നുവന്നത്. സൗമ്യവും, ദീപ്തവും മധുരവുമായ ചില കവിതകൾ നമുക്ക് നോക്കാം.

“പൂച്ച നല്ല പൂച്ച
വ്യത്തിയുള്ള പൂച്ച
പാലു വച്ച പാത്രം
വ്യത്തിയാക്കി വച്ചു”.

നഴ്സറിഗാനത്തിന്റെ മാധുര്യമുണ്ട് അതിലേറെ ധർമ്മരസമുണ്ട്. എന്നാൽ ഇത് ഒരു പൂച്ചക്കവിത മാത്രമാണോ? ഇതാ മറ്റൊരു ‘കാക്കക്കവിത’.

“കാക്ക പാറി വന്നു
പാറമേലിരുന്നു
കാക്ക പാറി പോയി
പാറ ബാക്കിയായി”.

വെറും കാക്കയുടെ കവിതയാണോ ഇത്? നമ്മെ തനിച്ചാക്കി പാറിപ്പോകുന്ന കാലമാകുന്ന കാക്കയാണ് പരാമർശം. കവിത കുട്ടികളിൽ അത്ഭുതവും ജിജ്ഞാസയും നിറക്കുന്നു.

“ആയി ാായി മിാായി
തിന്നുമ്പോഴെന്തിഷ്ടായി
തിന്നു കഴിഞ്ഞു കഷ്ടായി”.

മിാായി കിട്ടുമ്പോഴും അത് തീർന്നു പോകുമ്പോഴും ഉള്ള കുട്ടിയുടെ മാനസികാവസ്ഥകൾ ഇതിലും നന്നായി എങ്ങനെയാണ് എഴുതുക. ഇടവപ്പാതി കാലവർഷത്തെ കുസൃതികൾ ചിത്രീകരിക്കുന്ന ഒരു കവിതയിതാ.

4 th_Malayalam_Term 1_1.indd 76 7/19/2019 5:31:45 PM

“ടെ ട്ടെട്ടേ ഇടി വെട്ടുന്നു
ശൂ ശൂ ശൂ കാറ്റൂതുന്നു
പെ പ്പെ പ്പേ മഴ പെയ്യുന്നു
ഇടവം മിഥുനം കർക്കടകം”.

ഒരു കുട്ടി നായയുടെ ചിത്രം വരയ്ക്കുന്ന രംഗം നോക്കൂ!

“വാലു വരച്ചു മേലോട്ട്
നാവ് വരച്ചു താഴോട്ട്
മൂക്കൊരിത്തിരി കുറ്റിച്ചെവിയും
നായുടെ ചിത്രം നന്നായി.
മനസ്സിലങ്ങനെ വരച്ച ചിത്രം
സ്ലേറ്റിലേക്ക് പകർന്നപ്പോൾ
ആയതു നായോ നരിയോ കരിയോ
പാമ്പോ, ചേമ്പോ, ചുണ്ണാമ്പോ”.

അക്ഷരങ്ങളെ കൊണ്ടുള്ള കുസൃതികളും കുഞ്ഞുണ്ണിമാഷ് കുട്ടികൾക്കായി എഴുതിയിട്ടുണ്ട്.

“തത്ത വിത്തു കൊത്തി
വിത്തു തത്ത കൊത്തി.
കൊത്തി വിത്തു തത്ത
തത്ത തത്ത തത്തെയ്”.

വായനയെകുറിച്ച് കുഞ്ഞുണ്ണി എഴുതിയത് വളരെ പ്രസിദ്ധമാണല്ലോ.

“വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിച്ചില്ലെങ്കിലോ വളയും”.

അദ്ദേഹത്തിന്റെ കുട്ടിക്കവിതകളുടെ ചില മാതൃകകൾ മാത്രമാണിത്. ഇതുപോലെ വലിയ വിശാലമായ ഒരു ലോകം ഉണ്ട്. കൂട്ടുകാർ അതെല്ലാം അന്വേഷിച്ച് കണ്ടെത്തണം.

4 th_Malayalam_Term 1_1.indd 77 7/19/2019 5:31:45 PM

അദ്ദേഹത്തിന്റെ പേരിന്റെ ചരിത്രം പറയുന്ന ഒരു കവിതകൂടി....

“ഒരു നാട്ടിൽ ഒരു വീട്ടിൽ
ഒരു ഉണ്ണി പിറന്നു.
ഉണ്ണിക്കൊരു പേര് വേണമെന്നമ്മ
ഉണ്ണിക്കൊരു പേര് വേണമെന്നച്ഛൻ
പേരു തപ്പീട്ടമ്മയുടെ
കയ്യൊക്കെയും കുഴഞ്ഞു
കുഞ്ഞേ എന്നു വിളിച്ചുകൊ
ണ്ടച്ഛനുമടുത്തെത്തി
‘കുഞ്ഞുണ്ണി’ എന്നൊരു നല്ല
പേര് വന്നു കിട്ടി”.

4 th_Malayalam_Term 1_1.indd 78 7/19/2019 5:31:45 PM

അഭ്യാസം

I. പുതിയപദങ്ങൾ.

1. പ്രിയങ്കരം = _____
2. നുറുങ്ങ് = _____
3. മഹത്വം = _____
4. ജിജ്ഞാസ = _____
5. ദീർഘം = _____
7. മുതിർന്നവർ = _____
8. ദാർശനികം = _____

II. വിപരീതപദം എഴുതുക.

1. ദീർഘം × _____
2. മറക്കാൻ × _____
3. പരിചിതൻ × _____
4. നീട്ടി × _____
5. വലിയ × _____

III. പദം പിരിച്ചെഴുതുക

1. മനസ്സറിഞ്ഞു = _____ + _____
2. അദ്ദേഹം = _____ + _____
3. ഉണ്ണിക്കവിത = _____ + _____
4. കുട്ടിക്കവിത = _____ + _____

4 th_Malayalam_Term 1_1.indd 79 7/19/2019 5:31:45 PM

IV. പാടി രസിക്കാം

കുഞ്ഞുണ്ണി മാഷിന്റെ കുട്ടിക്കവിതകൾ ഉറക്കെ വായിക്കുകയും കൂട്ടമായി പാടുകയും ചെയ്യുക.

V. ഉത്തരമെഴുതുക

1. ആരായിരുന്നു കുഞ്ഞുണ്ണിമാഷ്?
2. നിനക്കിഷ്ടപ്പെട്ട ഒരു കുഞ്ഞുണ്ണി കവിത എടുത്തെഴുതുക.

VI. ഭഅർത്ഥം പഠിക്കാം

1. പ്രിയങ്കരം - ഏറെ ഇഷ്ടമായത്
2. നുറുങ്ങ് - കഷ്ണം
3. മഹത്വം - മഹിമ
4. ജിജ്ഞാസ - അറിയാനുള്ള ആഗ്രഹം.
5. ദീർഘം - അളവറ്റത്
6. മുതിർന്നവർ - പ്രായം കൂടിയവർ

4 th_Malayalam_Term 1_1.indd 80 7/19/2019 5:31:45 PM

കഥ 15 കൊന്നയും വിഷുവും

സുഭാഷ് ചന്ദ്രൻ

കണ്ണാടിപ്പുഴയുടെ തീരത്ത് കുറെ ചെടികളും, മരങ്ങളും ഉണ്ടായിരുന്നു. തുമ്പ, മുക്കുറ്റി തുടങ്ങിയ കുഞ്ഞന്മാർ മുതൽ ചെത്തി, ചെമ്പരത്തി, ചെമ്പകം മുതലായ വമ്പന്മാർ വരെ. കഥ പറഞ്ഞും കാറ്റിൽ ഉലഞ്ഞും അവരങ്ങനെ സമയം പോക്കും.

വസന്തകാലം വന്നെത്തിയാൽ പിന്നെ ചെടികൾ തമ്മിൽ മത്സരമാണ്. എന്തിനെന്നോ? പൂക്കൾകൊണ്ട് ദേഹംമുഴുവൻ അലങ്കരിക്കാനും സ്വന്തം സൗന്ദര്യത്തെക്കുറിച്ച് വാതോരാതെ പൊങ്ങച്ചം പറയാനും തന്നെ.

അങ്ങനെ ചെടികളായ ചെടികളൊക്കെ പൂവണിഞ്ഞ ഒരു ഓണക്കാലത്ത് തുമ്പച്ചെടിയാണ് അക്കാര്യം ശ്രദ്ധിച്ചത്. തങ്ങളുടെ കൂട്ടത്തിൽ ഒരാൾ മാത്രം അതാ, പൂക്കാതെ നിൽക്കുന്നു!

'അയ്യോ, നീയെന്താ അണിഞ്ഞൊരുങ്ങാത്തത്'? തുമ്പച്ചെടി അവളോട് ഉറക്കെ വിളിച്ചു ചോദിച്ചു. മറ്റു ചെടികളും അങ്ങോട്ട് തല തിരിച്ചു.

4 th_Malayalam_Term 1_1.indd 81 7/19/2019 5:31:45 PM

'ഹും' ഇത്തിരിയോളം പോന്ന ഞാൻപോലും ഇതാ പൂക്കളുമായി ഒരുക്കഴിഞ്ഞു. ആനയോളം പൊക്കമുള്ള നിനക്കെന്താ പൂത്താൽ? മുക്കുറ്റി ചെടി കൊന്നമരത്തെ കളിയാക്കി ചോദിച്ചു. കൊന്നമരത്തെ അങ്ങനെ എല്ലാവരും കളിയാക്കാൻ തുടങ്ങി. പാവം കൊന്ന! അവൾ ഒന്നും മിണ്ടാതെ സങ്കടപ്പെട്ടു നിന്നു.

ആ ഓണക്കാലത്ത് പൂവിറുക്കാൻ വന്ന കുട്ടികൾക്ക് എല്ലാ ചെടികളും കൈ നിറയെ പൂക്കൾ കൊടുത്തു.പൂക്കാതെ നിൽക്കുന്ന കൊന്നമരത്തെ ആരും തിരിഞ്ഞു നോക്കിയത് പോലുമില്ല.

മാസങ്ങൾ കടന്നുപോയി. വൈകാതെ വേനൽക്കാലം വന്നു. കൊടും ചൂടുള്ള വെയിൽ തട്ടി എല്ലാ ചെടികളുടെയും ഇലയും പൂവും കരിഞ്ഞു. അപ്പോഴാണ് അത്ഭുതം!

ഒരു ദിവസം ചെടികൾ നോക്കുമ്പോഴതാ കൊന്നമരത്തിൽ നിറയെ ഭംഗിയുള്ള മഞ്ഞപ്പൂക്കൾ! പൊന്നിന്റെ കിങ്ങിണി തൂക്കിയപോലെ! തന്നെ പൊതിഞ്ഞു നിൽക്കുന്ന കുട്ടികൾക്ക് പൂക്കൾ വാരിക്കോരി കൊടുത്തുകൊണ്ട് സന്തോഷത്തോടെ നിൽക്കുകയാണ് കൊന്നമരം!

'ഇതെന്തൊരത്ഭുതം!. തുമ്പച്ചെടി വിളിച്ചു ചോദിച്ചു. കൊന്നമരമേ നിനക്ക് വനദേവതയുടെ അനുഗ്രഹം കിട്ടിയതാണോ'?

അപ്പോൾ കൊന്നമരം പുഞ്ചിരിയോടെ പറഞ്ഞു. "പൂക്കാനുള്ള അനുഗ്രഹം വനദേവത നമുക്കെല്ലാം ഒരുപോലെയാണ് തന്നിട്ടുള്ളത്.നിങ്ങളെല്ലാം ഓണക്കാലത്ത് പൂക്കുമ്പോൾ ഞാൻ പൂക്കുന്നത് വിഷുക്കാലത്താണെന്ന് മാത്രം! അക്കാര്യം മനസ്സിലാക്കാതെ" എന്നെ പരിഹസിച്ചത് തെറ്റായിപ്പോയെന്ന് ഇപ്പോൾ മനസ്സിലായില്ലേ.?

അതുകേട്ട് മറ്റു ചെടികൾ തലതാഴ്ത്തി.

നേട്ടങ്ങൾ ഉണ്ടാകുന്ന സമയത്ത് അഹങ്കരിക്കുന്നത് നന്നല്ലെന്ന് അതോടെ അവർ മനസ്സിലാക്കി.

4 th_Malayalam_Term 1_1.indd 82 7/19/2019 5:31:46 PM



I. പദപരിചയം

കണ്ണാടിപ്പുഴ ചെമ്പരത്തി ചെമ്പകം വസന്തകാലം
വേനൽക്കാലം മഞ്ഞപ്പൂക്കൾ വനദേവത

II. അർത്ഥം പഠിക്കാം.

1. ദേഹം - ശരീരം
2. വാതോരാതെ - നിറുത്താതെ
3. പൊങ്ങച്ചം - പെരുപ്പിച്ച് പറയുക.
4. പൊക്കമുള്ള - ഉയരമുള്ള

III. ചേർത്തെഴുതുക

1. കണ്ണാടി + പുഴ = _____
2. ഒരുങ്ങി + കഴിഞ്ഞു = _____
3. പൊക്കം + ഉള്ള = _____
4. മഞ്ഞ + പൂക്കൾ = _____
5. വാരി + കോരി = _____

4 th_Malayalam_Term 1_1.indd 83 7/19/2019 5:31:46 PM

IV. പിരിച്ചെഴുതുക

1. ഭംഗിയുള്ള = _____ + _____
2. തുമ്പച്ചെടി = _____ + _____
3. വിഷുക്കാലം = _____ + _____
4. തെറ്റായിപ്പോയെന്ന് = _____ + _____
5. പൂവിരുക്കാൻ = _____ + _____

വിഷു ചൊല്ലുകൾ

1. വിഷുവിന് ശേഷം വർഷം.
2. വിഷുവിന് ശേഷം വേനലില്ല.
3. ഓണവും വിഷുവും വരാതെ പോട്ടെ.
4. വിഷു കണ്ട രാവിലെ വിത്തിറക്കണം.
5. കണി പോലെ ഗുണം.

4 th_Malayalam_Term 1_1.indd 84 7/19/2019 5:31:46 PM

ഭാഗം 6 മഴയുടെ സംഗീതം

പഠന ലക്ഷ്യങ്ങൾ

- മണ്ണ്, മഴ, യാത്ര എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കൽ.
- നല്ല ചിന്ത, നല്ല പ്രവൃത്തി, മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് വില കൽപ്പിക്കാനുള്ള മനസ്സ് വളർത്തിയെടുക്കൽ.

പാഠഭാഗങ്ങൾ

കവിത : മഴയെന്തു സ്വർഗ്ഗം.

ഗദ്യം : എന്റെ കന്യാകുമാരി യാത്ര

കഥ : ആലോചിച്ചേ പ്രവർത്തിക്കാവൂ!

4 th_Malayalam_Term 1_1.indd 85 7/19/2019 5:31:47 PM

കവിത 16

മഴയെന്തുസ്വർഗ്ഗം

ജി. കുമാരപിള്ള

മഴയൊന്നു നിന്നെങ്കിൽ! മതിയായി വെള്ളം
വെയിലൊന്ന് വന്നെങ്കിൽ! മുടിയട്ടെ ശൈത്യം!
മഴവന്ന കാലത്തു മഴ തന്നെ നിത്യം;
ഒരു തുള്ളി തോരാത്ത മഴയെന്തു ശല്യം!
അകമേ കിടന്നാകിലിരുളിന്റെ ശൂലം;
വെളിയിൽ കടക്കേണ്ട; കുളിരിന്റെ കുന്തം!
ഇറയത്തിരിക്കേണ്ട തൂമാന വർഷം;
പുറമേ ചവിട്ടേണ്ട; ചളി കൊണ്ടു കഷ്ടം!
തുണിയൊന്നു മുക്കേണ്ട തോരയ്ക്ക് തോറ്റു.
വിറകൊണ്ടു കായേണ്ടു പുകകൊണ്ടു തോറ്റു.
മഴയെന്തു മോശം, മഴയെന്തു നാശം,
മഴയെത്ര നീചം, മഴയെത്ര ഹീനം!

4 th_Malayalam_Term 1_1.indd 86 7/19/2019 5:31:48 PM

വെറി കൊണ്ടു തോറ്റിട്ടു മഴയെത്ര കാത്തു
മഴയോർത്തു നോറ്റോരു മനമെത്ര കേണു!
ഒരു കാറ്റു കൊണ്ടെങ്കിലകമെത്ര മിന്നി.
ഒരു തുള്ളി വീണെങ്കിലകമെത്ര തുള്ളി!
വളരുന്ന കാലത്തു മഴ തന്നെ മോഹം
പുഴുകുന്ന കാലത്തു മഴ തന്നെ ദാഹം!
പുകയുന്ന കാലത്തു മഴ തന്നെ സ്വപ്നം;
എരിയുന്ന കാലത്തു മഴ തന്നെ സ്വർഗ്ഗം!
മഴയന്നു മെച്ചം; മഴയന്നു സ്വച്ഛം.
മഴയെത്ര യോഗ്യം; മഴ തന്നെ ഭാഗ്യം!
വെയിലിന്റെ കാലത്തു വെയിലെത്ര ശല്യം.
മഴവന്ന കാലത്തു മഴയെത്ര നാശം!

4 th_Malayalam_Term 1_1.indd 87 7/19/2019 5:31:48 PM

അഭ്യാസം

I. പദപരിചയം

ശൈത്യം	നിത്യം	ശല്യം	ശൂലം
കുന്തം	തൂമാനവർഷം	നീചം	ഹീനം
ദാഹം	സ്വപ്നം	സ്വർഗം	സ്വച്ഛം

II. അർഥം പഠിക്കാം

1. വെള്ളം - ജലം
2. ശൈത്യം - തണുപ്പ്
3. നിത്യം - ദിവസവും
4. ഇറയം - മുറ്റം
5. ചളി - ചേറ്
6. മനം - മനസ്സ്

III. പിരിച്ചെഴുതുക

1. വെയിലൊന്നു = _____ + _____
2. നിന്നെങ്കിൽ = _____ + _____
3. മഴയെന്തു = _____ + _____
4. തുണിയൊന്നു = _____ + _____
5. മഴയെത്ര = _____ + _____

4 th_Malayalam_Term 1_1.indd 88 7/19/2019 5:31:48 PM

IV. ചേർത്തെഴുതുക

1. മനം + എത്ര = _____
2. മഴ + അന്നു = _____
3. മതി + ആയി = _____
4. കിടന്നാൽ + ഇരുളിന്റെ = _____
5. ഇറയത്ത് + ഇരിക്കേണ്ട = _____

V. പര്യായ പദമെഴുതുക

1. മഴ : _____, _____, _____
2. വെള്ളം : _____, _____, _____

VI. യോജിപ്പിക്കുക

1.	ഇരുളിന്റെ	-	ശൈത്യം
2.	കുളിരിന്റെ	-	ശൂലം
3.	മുടിയട്ടെ	-	കുന്തം
4.	മഴയെന്തു	-	നാശം
5.	ചളി കൊണ്ടു	-	കഷ്ടം

എന്റെ മഴ അനുഭവം

മഴ പ്രകൃതിയുടെ വരദാനമാണ്. അങ്ങനെ ഒരു മഴക്കാലത്ത് നന്നായി നനയുക എന്നത് എന്റെ ആഗ്രഹമായിരുന്നു. എന്റെ സ്വന്തംനാടായ ഇടുക്കിയിൽ അഞ്ചാം ക്ലാസ് ജീവിതത്തിനിടയിലാണ് സംഭവം. പുതിയ സ്കൂളിൽ പോകുവാൻ പുത്തനുടുപ്പും കുടയും ബാഗുമായി ഞാൻ റെഡിയായി നിന്നു. പുത്തൻകുട എടുത്തുവയ്ക്കാൻ പലതവണ ഓർത്തതുമാണ്. പക്ഷേ എടുക്കാൻ മറന്നു.

4 th_Malayalam_Term 1_1.indd 89 7/19/2019 5:31:48 PM

സ്കൂളിൽ പുതിയ കുട്ടികൾക്ക് പ്രവേശനോത്സവം ഉണ്ടായിരുന്നു. പ്രവേശനോത്സവത്തിന് ശേഷം ഞങ്ങൾ പിരിഞ്ഞു. ഇടവപ്പാതിയിലെ മഴ നനയുക. അതും അച്ഛനും അമ്മയും ഒന്നും അറിയാതെ. അതെന്റെ സ്വപ്ന മായിരുന്നു. പെട്ടെന്ന് കറുത്ത കാർമേഘങ്ങൾ മാനത്ത് നിറഞ്ഞു. ഇടിയും മിന്നലും എത്തി. ചറ പറ എന്ന് മഴ ആരംഭിച്ചു. കൂട്ടുകാർ കുട വാഗ്ദാനം ചെയ്തെങ്കിലും ഞാൻ അത് തിരസ്കരിച്ചു. മഴ നല്ലതുപോലെ നനഞ്ഞു. ടാറിട്ടവഴികളിലെ വെള്ളത്തിൽ കാൽ നനച്ചു പുത്തനുടുപ്പാകെ നനഞ്ഞു. ചെളി തെറിപ്പിച്ച് ഞാൻ മഴയെ സ്വാഗതം ചെയ്തു. കണ്ടത്തിൽ ചെരുവിലെ കൊച്ചു തോട്ടിൽ ഞാനിറങ്ങി. ഇടിയും മിന്നലുമൊന്നും എന്റെ ഹൃദയത്തെ തൊട്ടില്ല. ആ മഴ അനുഭവത്തെ പിടിച്ചുലച്ചില്ല. വീട്ടിൽചെല്ലുമ്പോൾ കിട്ടാവുന്ന ശകാരവുംഞാൻ മറന്നു. ആ പകൽ മഴയിൽ ഞാൻ നടന്നു...

4 th_Malayalam_Term 1_1.indd 90 7/19/2019 5:31:49 PM

മഴച്ചൊല്ലുകൾ

- ചിങ്ങത്തിലെ മഴ ചിണുങ്ങിച്ചിണുങ്ങി.
- തുലാപ്പത്ത് കഴിഞ്ഞാൽ പ്ലാപ്പൊത്തിലുമിരിക്കാം.
- മകരത്തിൽ മഴ പെയ്താൽ മണ്ണിന് വാതം.
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്.
- ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല.
- മഴപെയ്താൽ പുഴയറിയും.

മഴവെള്ളക്കൊയ്ത്ത്

മഴക്കാലത്ത് ലഭിക്കുന്ന ജലം പാഴാക്കാതെ പ്രത്യേക സംഭരണികളിൽ ശേഖരിച്ച് ഭാവിയിൽ ഉപയോഗപ്പെടുത്തുകയാണ് മഴവെള്ള സംഭരണം എന്ന പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ചൈനയിലും ബ്രസീലിലും പുരപ്പുറത്തു നിന്നും ശേഖരിക്കുന്ന മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്നു.

മഴയെപ്പറ്റി ഒരു കവിത എഴുതുക.

4 th_Malayalam_Term 1_1.indd 91 7/19/2019 5:31:49 PM

ഗദ്യം 17 എന്റെ കന്യാകുമാരി യാത്ര



നമ്മുടെ രാജ്യത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി കാണണം എന്നുള്ളത് ദീർഘകാല ആഗ്രഹമായിരുന്നു. ഈ അവധിക്കാലത്ത് ഞങ്ങൾ ഒരു വിനോദയാത്ര പോകുവാൻ തീരുമാനിച്ചപ്പോൾ അതു കന്യാകുമാരിയിലേയ്ക്കു തന്നെ ആകണമെന്ന എന്റെ നിർദ്ദേശം വീട്ടിലുള്ളവർ അംഗീകരിച്ചു.

അങ്ങനെ ഞങ്ങൾ യാത്രതിരിച്ചു. പ്രഭാതഭക്ഷണത്തിന്റെ സമയമായപ്പോൾ തലസ്ഥാനനഗരിയിൽ എത്തിച്ചേർന്നു. ആര്യഭവനിലെ ഇഡ്ഡലിക്കും, ചട്നിക്കും എന്തെന്നില്ലാത്ത സ്വാദ് തോന്നി.

കാഴ്ചബംഗ്ലാവും മൃഗശാലയും ഇതിന്മുമ്പ് കണ്ടിട്ടുള്ളതിനാൽ ഒരു ഓട്ടപ്രദക്ഷിണം നടത്തി പുറത്തിറങ്ങി. ശാസ്ത്രസാങ്കേതിക മ്യൂസിയവും, പ്ലാനറ്റേറിയവും കാണണമെന്ന് അച്ഛൻ നിർബന്ധിക്കുമ്പോഴും എന്റെ മനസ്സ് കന്യാകുമാരിയിലേക്ക് കുതിക്കുകയായിരുന്നു.

ബാലരാമപുരം കടന്നപ്പോൾ മനോഹരമായ കൈത്തറിവസ്ത്രങ്ങളുടെ രൂപം മനസ്സിൽ ഓടിയെത്തി. നെയ്യാറ്റിൻകരയിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തെക്കുറിച്ച് അച്ഛൻ പറഞ്ഞപ്പോൾ മാർത്താണ്ഡവർമ്മ

4 th_Malayalam_Term 1_1.indd 92 7/19/2019 5:31:59 PM

മഹാരാജാവും അമ്മച്ചിപ്ലാവുമൊക്കെ ഓർമയിൽ മിന്നിമറഞ്ഞു. പാറശ്ശാലയും, കളിയിക്കാവിളയും കടന്ന് തമിഴ്നാട്ടിലെത്തിയപ്പോൾ സങ്കര സംസ്കാരത്തിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. പത്മനാഭപുരം കൊട്ടാരവും, ശുചീന്ദ്രം ക്ഷേത്രവും കാണണമെന്ന് ഡ്രൈവർ പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചില്ല. കാരണം എന്റെ മനസ്സാകെ കന്യാകുമാരിയായിരുന്നു.

വാഹനം കന്യാകുമാരിയിൽ എത്തി. ആ മണ്ണിൽ കാലുകുത്തിയപ്പോൾ എനിക്കുണ്ടായ അനുഭൂതി പറഞ്ഞറിയിക്കാൻ കഴിഞ്ഞില്ല.കടലിൽ തലയുയർത്തി നിൽക്കുന്ന വിവേകാനന്ദ സ്മാരകവും തൊട്ടടുത്ത തിരുവള്ളുവരുടെ പ്രതിമയും കണ്ടു.

ഭക്ഷണത്തിനുശേഷം ബോട്ടിൽ കയറി ആ പരിപാവനമായ ശിലാ സ്മാരകത്തിൽ എത്തിയപ്പോൾ അനിർവചനീയമായ ആനന്ദമാണ് ഉണ്ടായത്. പാറയിൽ പതിഞ്ഞിരിക്കുന്ന 'ശ്രീപാദം' ഭക്തിപൂർവ്വം ദർശിച്ചശേഷം പടവുകൾ കയറി വിവേകാനന്ദ സ്മാരകമണ്ഡപത്തിലെത്തി. 'ഉത്തിഷ്ഠതാജാഗ്രത' എന്ന് ഉദ്ബോധിപ്പിച്ച ആ മഹാനുഭാവന്റെ പൂർണകായപ്രതിമക്കു മുന്നിൽ അഞ്ജലിബന്ധമായി ഞങ്ങൾ നിന്നു. മൂന്നു സമുദ്രങ്ങളുടെ സംഗമസ്ഥാനം എനിക്കു നൽകിയ പരമാനന്ദം വർണ്ണിക്കുവാൻ വാക്കുകളില്ല. തുടർന്ന് ബോട്ടിൽ കയറി തൊട്ടടുത്ത പാറയിൽ തീർത്തിട്ടുള്ള തിരുവള്ളുവരുടെ കൂറ്റൻസ്മാരകത്തിലേക്ക പോയി. തത്വചിന്താപരമായ നിരവധി മൊഴിമുത്തുകൾ ലോകത്തിനു സമ്മാനിച്ച ആ മഹാത്മാവിന്റെ പാദങ്ങളിൽ ഞങ്ങൾ നമസ്കരിച്ചു.

തിരികെ ബോട്ടിൽ കയറുമ്പോൾ ഏതോ സ്വപ്നലോകത്തിൽ നിന്നും തിരിച്ചിറങ്ങുന്ന അനുഭവമായിരുന്നു. അസ്തമയ സമയമായതിനാൽ എല്ലാവരുടെയും കണ്ണുകൾ പടിഞ്ഞാറോട്ടു തിരിഞ്ഞു. ഒരു പകൽ മുഴുവൻ ലോകത്തിന് ചൂടും പ്രകാശവും നൽകിയ കർമ്മസാക്ഷി.കനലിൽ ചുട്ടെടുത്ത കനകച്ചേങ്കില പോലെ ദീപ്തമായ ശോഭയോടെകൂടി അനന്തവിശാലമായ കടലിലേക്ക് ആഴ്ന്നിറങ്ങിയപ്പോൾ ആയിരക്കണക്കിനാളുകളുടെ കണ്ണുകൾ ഭക്തിപൂർവ്വം അടയാൻ തുടങ്ങി.

നിത്യകന്യകയായ കന്യാകുമാരിദേവിയുടെ പാവനസന്നിധിയിലേക്കാണ് മനോഹരമായ ആ സന്ധ്യയിൽ ഞങ്ങൾ പ്രവേശിച്ചത്. അതേ കന്യാകുമാരിദേവി ക്ഷേത്രത്തിലേക്ക് ഐതിഹ്യങ്ങളിൽ പ്രശസ്തമായ ആ ദിവ്യവിഗ്രഹത്തിലെ മൂക്കുത്തിയുടെ തേജസ് അനിർവചനീയമാണ്.

4 th_Malayalam_Term 1_1.indd 93 7/19/2019 5:32:03 PM

ചിപ്പികളും കക്കകളും കൊണ്ടുനിർമ്മിച്ച എത്രയെത്ര അലങ്കാര വസ്തുക്കളാണ് കന്യാകുമാരിയിലെ കടൽപ്പുറത്ത് വിൽപ്പനക്ക് വെച്ചിട്ടുള്ളത് ശംഖുകളുടെ കൂമ്പാരം തന്നെ കാണാം.

അടുത്ത ദിവസം രാവിലെ 6.10 നായിരുന്നു സൂര്യോദയം. ഏവരും ആ ധന്യ മുഹൂർത്തത്തിനു സാക്ഷികളാവാൻ കാത്തിരുന്നു. കാർമേഘംമൂടിയ അന്തരീക്ഷമായിരുന്നതിനാൽ സൂര്യോദയം ശരിയായി കാണുവാൻ കഴിഞ്ഞില്ല. പല ദിവസങ്ങളിലും ഇങ്ങനെ സംഭവിക്കാറുണ്ടെന്ന് അവിടെയുള്ള ചിലർ പറഞ്ഞു. എനിക്ക് നിരാശതോന്നിയെങ്കിലും കന്യാകുമാരിയിലെ സൂര്യോദയത്തിന് സാക്ഷിയാകുവാൻ കഴിഞ്ഞതിൽ സംതൃപ്തി തോന്നി.

രാഷ്ട്രപിതാവിന്റെ ചിതാഭസ്മം നിമഞ്ജനം ചെയ്ത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ഗാന്ധി സ്മാരകമണ്ഡപത്തിൽ സൂര്യരശ്മികൾ പതിക്കുന്നത് ഞങ്ങൾ കണ്ടു.

തുടർന്ന് ഞങ്ങൾ പോയത് വാക്സ് മ്യൂസിയത്തിലേയ്ക്കാണ്. ടിക്കറ്റെടുത്ത് ഞങ്ങൾ ഉള്ളിൽ കടന്നു. ഭീകരനായ ഒരു മനുഷ്യന്റെ പ്രതിമ കണ്ടിട്ട് ഞങ്ങൾ മുന്നോട്ടു നീങ്ങി. എന്റെ കണ്ണുകൾ അത്ഭുതംകൊണ്ടു വിടർന്നു. എനിക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവിടെ അതാ ഇരിക്കുന്നു ശ്രീമതി ജയലളിത. മുന്നിലുള്ള മേശപ്പുറത്ത് ഒരു ഫയൽ. മെഴുകുകൊണ്ടുണ്ടാക്കിയ പ്രതിമയാണ് അത് എന്ന് വിശ്വസിക്കാൻ ആർക്കും കഴിയില്ല. അത്ര മാത്രം ജീവൻതുടിക്കുന്ന രൂപം. കണ്ണുകളിൽ പ്രകാശം തങ്ങിനിൽക്കുന്നു. അത്ഭുതപരതന്ത്രരായി ഞങ്ങൾ നിന്നുപോയി. അകത്തെ മുറികളിൽ മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധി, മുൻ മുഖ്യമന്ത്രി കെ കരുണാകരൻ, മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ്, സംഗീതത്തിന്റെ സർവ്വസ്വമായ എം എസ് സുബ്ബലക്ഷ്മി, യേശുദാസ്, മുൻ മുഖ്യമന്ത്രി ഇ കെ നായനാർ, മഹാത്മാഗാന്ധി, മോഹൻലാൽ, സദ്ദാം ഹുസൈൻ, മാതാ അമൃതാനന്ദമയീ, സ്വാമി വിവേകാനന്ദൻ, മദർ തെരേസ തുടങ്ങിയവരുടെ ജീവസുറ്റ രൂപങ്ങൾ എല്ലാം മെഴുകിൽ തീർത്തവ.

ചൂട് വർധിച്ചുകൊണ്ടിരിക്കുന്നു. വളരെ കാലമായി എനിക്കുണ്ടായിരുന്ന ആഗ്രഹത്തിന്റെ സാഫല്യം നുകർന്നുകൊണ്ട് ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു.

കാലത്തിന്റെ കല്ലോലമാലകൾ എത്ര ആഞ്ഞടിച്ചാലും മായാത്തമുദ്രകൾ മനസ്സിൽ പതിപ്പിച്ച ആ യാത്രയുടെ സ്മരണകൾ ഞാൻ ഇടയ്ക്കിടെ അയവിറക്കാറുണ്ട്.

4 th_Malayalam_Term 1_1.indd 94 7/19/2019 5:32:07 PM

അഭ്യാസം

I. പദപരിചയം

കന്യാകുമാരി	ദീർഘകാലം	അവധികാലം
നിർദേശം	തലസ്ഥാനനഗരി	കാഴ്ചബംഗ്ലാവ്
മ്യൂസിയം	ശാസ്ത്രസാങ്കേതികം	പാറശാല
കളിയിക്കാവിള	ശുചീന്ദ്രം	ശിലാസ്മാരകം
പരമാനന്ദം	ഉത്തിഷ്ഠതാജാഗ്രത	പരമാനന്ദം

II. അർത്ഥം പഠിക്കാം

1. അനുഭൂതി = ആഹ്ലാദം.
2. പരിപാവനം = ശ്രേഷ്ഠമായ
3. അനിർവചനീയം = നിർവചിക്കാനാവാത്ത.
4. ദർശിക്കുക = കാണുക.
5. കായം = ശരീരം
6. അഞ്ജലി = കൂപ്പുകൈ

III. വിപരീതപദം

1. ഉദയം × അസ്തമയം
2. സമ്മതം × വിസമ്മതം.
3. നിർവചനീയം × അനിർവചനീയം.
4. ഉയരുക × താഴുക

4 th_Malayalam_Term 1_1.indd 95 7/19/2019 5:32:07 PM

IV. പൂരിപ്പിക്കുക

1. ഇന്ത്യയുടെ തെക്കേ അറ്റത്താണ് _____ സ്ഥിതി ചെയ്യുന്നത്.
2. കൈത്തറി വസ്ത്രങ്ങൾക്ക് പേരുകേട്ട സ്ഥലം _____
3. കന്യാകുമാരിയിൽ പോകുന്ന വഴിക്കാണ് _____ കൊട്ടാരം സ്ഥിതി ചെയ്യുന്നത്.
4. കടലിന്റെ നടുവിൽ തലയുയർത്തിനിൽക്കുന്ന. _____ സ്മാരകം കണ്ടു.
5. നിത്യകന്യകയായ _____ യുടെ പാവന സന്നിധിയിൽ തൊഴുതു നിന്നു.

V. ശരിയായ ഉത്തരം എടുത്തെഴുതുക

1. കന്യാകുമാരിയിൽ ഉള്ള _____ പ്രതിമയും ഞങ്ങൾ കണ്ടു.
   (കുമാരനാശാന്റെ, തിരുവള്ളുവരിന്റെ, കണ്ണകിയുടെ)
2. കന്യാകുമാരിയുടെ പ്രത്യേകത _____കടലുകൾ സന്ധിക്കുന്നു.
   (രണ്ട്, മൂന്ന്, നാല്)
3. കടൽപ്പുറത്ത് _____ കൂമ്പാരവും കണ്ടു.
   (മാലകളുടെ, കളിപ്പാട്ടങ്ങളുടെ, ശംഖുകളുടെ)
4. കന്യാകുമാരിയിൽ _____ മുസിയം ഉണ്ട്.
   (വാക്സ് മ്യൂസിയം, അനിമൽ മ്യൂസിയം, ശാസ്ത്ര മ്യൂസിയം).

VI. ശരിയായ പദമെഴുതുക

1. മണ്ഡപം - മണ്ടപം _____
2. അഞ്ചലി - അഞ്ജലി _____
3. പരമാനന്ദം - പരമാനന്തം _____
4. സൂര്യോതയം - സൂര്യോദയം _____
5. ഗാന്ധിജി - ഗാന്തിജി _____.

4 th_Malayalam_Term 1_1.indd 96 7/19/2019 5:32:07 PM

VII ഉത്തരമെഴുതുക

1. ഏതു സ്ഥലത്തു നിന്നാണ് കന്യാകുമാരിയിലേക്ക് യാത്ര തുടങ്ങുന്നത്?
2. തമിഴിന്റെയും മലയാളത്തിന്റെയും സങ്കരസംസ്കാരം കണ്ട സ്ഥലങ്ങൾ ഏതെല്ലാം?
3. വാക്സ് മ്യൂസിയത്തിൽ ആരുടെയൊക്കെ പ്രതിമകളാണ് കണ്ടത്?
4. കന്യാകുമാരിയിൽ കണ്ട കാഴ്ചകൾ സ്വന്തം വാക്യത്തിൽ എഴുതുക?

മാതൃക പോലെ അവധിക്കാലത്ത് എഴുതി ശീലിക്കാം

സ്ഥലം: മാലൈക്കോട്

തീയതി : 11.7.2019

ക്ലാസ്സ് അധ്യാപകന്

സർ,

എന്റെ അമ്മാവന്റെ മകളുടെ വിവാഹചടങ്ങിൽ പങ്കെടുത്തതിനാൽ 10.7.2019 ൽ ക്ലാസ്സിൽ ഹാജരാകാൻ സാധിച്ചില്ല. ദയവായി എനിക്ക് ആ ദിവസത്തേക്ക് അവധി അനുവദിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

എന്ന്

ബഹുമാനപൂർവ്വം

സൗമ്യ.എസ്

നാല് എ

4 th_Malayalam_Term 1_1.indd 97 7/19/2019 5:32:07 PM

കഥ 18 ആലോചിച്ചേ പ്രവർത്തിക്കാവൂ

ഒരു രാജ്യത്തിൽ മുൻകോപിയും, തോന്നുന്നതു പോലെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു രാജാവുണ്ടായിരുന്നു. മന്ത്രിമാരുടെ ഉപദേശങ്ങൾ കേൾക്കാതെയും, വിദ്വാന്മാരുടെ അഭിപ്രായങ്ങൾ ആരായാതെയും അദ്ദേഹം പല മണ്ടത്തരങ്ങളും ചെയ്തുവന്നു. അധികാരം കയ്യിൽ ഉള്ളതിനാൽ ആ രാജാവ് ആലോചിക്കാതെ ചെയ്ത പ്രവർത്തിയുടെ ഫലം പാവം ജനങ്ങൾ അനുഭവിക്കേണ്ടിവന്നു. രാജാവിനെ ഭയന്ന് ആരും അദ്ദേഹത്തെ ഗുണദോഷച്ചില്ല.

ഒരു ദിവസം ഒരു സന്യാസി കൊട്ടാരത്തിൽ ചെന്ന് ഒരു ഓലക്കഷ്ണം അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തിട്ട് തിരിച്ചുപോന്നു.ആ ഓലയിൽ ഇങ്ങനെ എഴുതിയിരുന്നു.ആലോചിക്കുവാനുള്ള ബുദ്ധി ഉപയോഗിക്കാതെ മൃഗങ്ങളെപ്പോലെ തോന്നുന്നത് പ്രവർത്തിക്കുന്നത് മനുഷ്യന് ചേർന്നതല്ല. അതുകൊണ്ട് എപ്പോഴും ആലോചിച്ചതിനുശേഷമേ എന്തെങ്കിലും പ്രവർത്തിക്കാവൂ.

കുറേദിവസംകഴിഞ്ഞ് രാജാവ് ക്ഷൗരം ചെയ്യിച്ചുകൊണ്ടിരിക്കുമ്പോൾ ക്ഷുരകൻ ഒരു വാർത്ത അദ്ദേഹത്തെ അറിയിച്ചു. രാജാവിന് വളരെ

4 th_Malayalam_Term 1_1.indd 98 7/19/2019 5:32:07 PM

ഇഷ്ടമുണ്ടായിരുന്ന ഒരു കുതിരലായത്തിനു തീപിടിച്ച് വെന്ത് ചത്തുപോയെന്നായിരുന്നു ആ വാർത്ത. ഇതുകേട്ട് രാജാവിന് അടക്കാൻവയ്യാത്ത കോപം തോന്നി. ക്ഷൗരം പൂർത്തിയാക്കാതെ ചാടിയെഴുന്നേറ്റു. ആരെയാണ് ഇന്നു ഞാൻ കണികണ്ടതെന്ന് ഉച്ചത്തിൽ ചോദിച്ചു.പാവപ്പെട്ട ഒരു അലക്കുകാരനെയാണ് രാജാവ് അന്നു കണികണ്ടത്.അയാളെ ഉടനെതന്നെ പിടിച്ചുകൊണ്ടുവന്നു. കൊന്നുകളയാൻ അദ്ദേഹം കൽപ്പിച്ചു. പാവപ്പെട്ട അലക്കുകാരന് ഭാര്യയും നാല് കുട്ടികളുമുണ്ടായിരുന്നു. അയാൾ വളരെ കഷ്ടപ്പെട്ട് ജോലി ചെയ്താണ് അവരെ പോറ്റിയിരുന്നത്. പട്ടാളക്കാർ അയാളെ കൊണ്ടുവന്നപ്പോൾ ഭാര്യയും മക്കളും നെഞ്ചത്തടിച്ചു നിലവിളിച്ചുകൊണ്ട് പിന്നാലെ വന്നു. അലക്കുകാരനെ കണ്ടഉടനെ രാജാവ് കോപത്തോടുകൂടി ഇങ്ങനെ പറഞ്ഞു. ലക്ഷണംകെട്ട നിന്നെ കണികണ്ടത് കൊണ്ട് എന്റെ വിശേഷപ്പെട്ട കുതിര വെണ്ണീറായിപ്പോയില്ലേ? ഇത് കേട്ട് അയാൾ ശാന്തമായി മറുപടി പറഞ്ഞു. പൊന്നു തിരുമേനി ഞാൻ ലക്ഷണംകെട്ട ഒരു പാവപ്പെട്ടവനാണ്. എന്നെ കണികണ്ടതുകൊണ്ട് അവിടത്തേക്ക് ഒരു കുതിര നഷ്ടപ്പെട്ടു. എന്നാൽ ഞാൻ ഇന്ന് അങ്ങയെ കണികണ്ടതുകൊണ്ട് എനിക്കുണ്ടായ നഷ്ടം അങ്ങേക്കുണ്ടായ നഷ്ടത്തേക്കാൾ എത്രയോ വലുതാണ്.ഒരു മനുഷ്യന്റെ ജീവൻ നശിക്കുകയും അവന്റെ കുടുംബം വഴിയാധാരമായി തീരുകയും ചെയ്യും.

ഇങ്ങനെ ഒരു മറുപടി രാജാവ് പ്രതീക്ഷിച്ചില്ല. അതുകേട്ട് അദ്ദേഹം ആലോചിച്ചു. ആ സമയം സന്യാസിയുടെ ഓലയിലെഴുതിയ കാര്യം ഓർമ്മ വന്നു.ആലോചിക്കാതെ പ്രവർത്തിക്കുന്നത് മൃഗങ്ങൾക്ക് മാത്രം ചേർന്നതാണ്. അതുകൊണ്ട് എന്തെല്ലാം അപകടങ്ങൾ ഉണ്ടാകാം.ഒരു കുതിര ചത്തതിനു പകരം നാലഞ്ച് കുഞ്ഞുങ്ങളേയും അവരുടെ അമ്മയേയും നിരാശരാക്കിയിട്ട് പാവപ്പെട്ട ഒരു മനുഷ്യനെ കൊല്ലുകയോ ഹാ എന്തൊരു അധർമ്മം! എന്നെ ഇതിൽ നിന്നും രക്ഷിച്ചത് ആ സന്യാസിയാണ്.

ആ സന്യാസിയെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിന് രാജാവ് കല്പന പുറപ്പെടുവിച്ചു. അതനുസരിച്ച് അദ്ദേഹത്തെ രാജാവിന്റെ അടുക്കൽ കൊണ്ടുവന്നു. രാജാവ് ആയിരം സ്വർണനാണയങ്ങൾ സന്യാസിക്ക് സമ്മാനമായി കൊടുത്തു. സന്യാസി അതു വാങ്ങി മഹാരാജാവിനോട് യാത്രപറഞ്ഞ് കൊട്ടാരത്തിനു വെളിയിലിറങ്ങി. ആ നാണയങ്ങളെല്ലാം അവിടെ കണ്ട ഭിക്ഷക്കാർക്കും പാവപ്പെട്ടവർക്കും വീതിച്ചു കൊടുത്ത ശേഷം എവിടെയോ പോയി.

4 th_Malayalam_Term 1_1.indd 99 7/19/2019 5:32:07 PM

Malayalam Reader - Class - IV

List of Authors, Domain Experts and Reviewer

Academic Advisor

Dr. P. Kumar
Joint Director (Syllabus),
State Council of Education Research and Training Tamilnadu,
Chennai 600 006,

Reviewer

K.Vijaya kumar
P.G. Asst. in Malayalam,
P.P.M. H.S.S Anducode
K.K (Dist)

Authors

S. Sree Kumar
Sec.grade Teacher,
Malayala Vidyalayam, Chennai 12

M.R Shaji
P.G. Asst. in Malayalam,
St. Thomas H.S.S, K.K.Pudur,
Coimbatore - 641038

Sreeja V. R
Sec.grade Teacher,
Kerala Vidyalayam, Chennai 84

Art and Design Team

Illustrators
Asif Ali
Anwar Ali
Chennai.

Typist
Sajina

Layout
M.A.Manikaraj prabahar

In HouseQC
Balasubramani. R
Rajesh Thangappan

Wrapper Design
Kathir Arumugam

Co-ordination
Ramesh Munisamy

Co-ordinator
K.Chandrasekaran
Lecturer, DIET, Chennai.

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:

4rd Malayalam Reader BM.indd 104 7/19/2019 5:51:32 PM